
# പ്രതീക്ഷയുടെ പൂമൊട്ടുകൾ

Pratheekshayude Poomottukal

വാല്യം 42 ലക്കം 5
വാർഷിക വരിസംഖ്യ ₹ 100
Vol 42 No. 5
Annual Subscription ₹100



പ്രോസാങ്ടിറ്റി പബ്ലിക്കേഷൻസ്
ഓഗസ്റ്റ് 2024

ദൈവവചനം പാലിച്ചു ജീവിച്ച്
ദൈവകൃപയ്ക്കു പാത്രമായ പരിശുദ്ധ അമ്മേ,
വിവിധ രീതികളിലൂടെ
ഞങ്ങളിലേക്കു കടന്നുവരുന്ന
തിരുവചനങ്ങൾ ഗ്രഹിച്ചും സ്വീകരിച്ചും
ജീവിതത്തെ രൂപാന്തരപ്പെടുത്തി,
സ്വർഗീയമഹത്ത്വം ലക്ഷ്യമാക്കി
ജീവിക്കാനുള്ള കൃപ ലഭിക്കുവാൻ
ഞങ്ങൾക്കായി മാദ്ധ്യസ്ഥ്യം വഹിക്കണമേ.
ആമ്മേൻ.



വിശുദ്ധിയുടെ മാതൃകയായ
മറിയത്തിന്റെ വിമലഹൃദയമേ
വിശുദ്ധരാകാമെന്ന പ്രത്യാശ
ഞങ്ങൾക്ക് നല്കണമേ

# പ്രതീക്ഷയുടെ പൂമൊട്ടുകൾ

**Pratheekshayude Poomottukal**
**Vol. 42 No. 5**

**വാല്യം 42 ലക്കം 5 ഏലിയാ-സ്ലീവാ-മൂശെക്കാലങ്ങൾ ഓഗസ്റ്റ് 2024**

**"ഇതാണ് ദൈവഹിതം, നിങ്ങളുടെ വിശുദ്ധീകരണം"** (1 തെസ 4,3)

രക്ഷാധികാരി:
**ആർച്ചുബിഷപ്പ് മാർ ജോസഫ് പെരുന്തോട്ടം**

**എഡിറ്റോറിയൽ ബോർഡ്**

ചീഫ് എഡിറ്റർ:
**മല്പാൻ റവ. ഡോ. മാത്യു വെള്ളാനിക്കൽ**

മാനേജിംഗ് എഡിറ്റർ:
**ഫ്ളവറി ചോതിരക്കുന്നേൽ A.O.**

എക്സിക്യൂട്ടീവ് എഡിറ്റർ:
**ഷിനി തെരേസ് മുതുപ്ലാക്കൽ A.O.**

പത്രാധിപസമിതി:
**റവ. ഫാ. സെബാസ്റ്റ്യൻ മുതുപ്ലാക്കൽ**
**ഡോ. അനു കുരിശുംമൂട്ടിൽ A.O.**
**സ്റ്റെഫി മംഗലത്തുകുന്നേൽ A.O.**
**സിജി കുന്നത്ത് A.O.**

അഡ്വൈസറി ബോർഡ്:
**റവ. ഡോ. സെബാസ്റ്റ്യൻ കൊല്ലംകുന്നേൽ**
**റവ. ഫാ. ജോസഫ് പുത്തൻപറമ്പിൽ**
**വിൽസൺ ജോർജ്ജ് അറയ്ക്കൽ** M.A. Mphil

സർക്കുലേഷൻ മാനേജേഴ്സ്:
**ജെനി കഴുന്നടിയിൽ A.O.**
**മിസ്റ്റർ കുര്യൻ മാത്യു ഇല്ലിക്കൽ**
**മിസ്റ്റർ അബ്രാഹം പുന്നാടംപാക്കൽ**

ഫിനാൻസ് മാനേജർ:
**അനിത ആത്രശ്ശേരിയിൽ A.O.**

കവർ ഡിസൈനിംഗ് & ലേഔട്ട്
**ജെ.എസ്. ഗ്രാഫിക്സ്**

**വാർഷിക വരിസംഖ്യ ₹ 100/-**

പ്രിന്റിംഗ്:
**വി.ജി. പ്രിന്റേഴ്സ്, മാങ്ങാനം.**
Email: wigipress@gmail.com

**പ്രോസാണ്ടിറ്റി പബ്ളിക്കേഷൻസ്**
**സ്പിരിച്ച്വാലിറ്റി സെന്റർ**
**മാങ്ങാനം പി. ഒ., കോട്ടയം 686 018**
**ഫോൺ: 9497588192**
**Email: psmktm@gmail.com**

## ഉള്ളടക്കം

- ക്രിസ്തീയജീവിതം: പ്രത്യാശാജീവിതം 5
- എനിക്കെന്തു യോഗ്യത 8
- പ്രലോഭനങ്ങൾക്കെതിരേയുള്ള ജാഗ്രത 10
- സെനക്കിൾ തരംഗം 13
- കാതറിൻ സംതൃപ്തയാണ് 14
- പരിസ്ഥിതിവിജ്ഞാനീയപരമായ വിദ്യാഭ്യാസവും ആത്മീയതയും 16
- ഇന്നു മുതൽ മരണം വരെ 18
- പ്രത്യാശയുടെ നിറക്കൂട്ട് 20
- ദൂരെയെറിയുക 22
- യോറാം 24
- നിത്യതയിലേക്കുള്ള വാതിൽ 27
- പദങ്ങൾ 28
- അമ്മയോടൊപ്പം 30

എഡിറ്റോറിയൽ


# കാസ്റ്റിംഗ് കോൾ

**ഹേമ** കമ്മീഷൻ റിപ്പോർട്ടിനെ ചൊല്ലിയുള്ള വാദപ്രതിവാദങ്ങൾ മാധ്യമങ്ങളിലൂടെ ഇപ്പോഴും തുടർന്നുകൊണ്ടിരിക്കുന്നു. കഴിവുകൾ പ്രക ടിപ്പിക്കാനുള്ള അവസരത്തിനുവേണ്ടി സമീപിക്കുന്നവരെ 'അഡ്ജസ്റ്റു മെന്റുകൾക്കും' 'കോപ്രമൈസുകൾക്കും' നിർബന്ധിക്കുന്നവരും അതിനു വിധേയരാകുന്നവരും ഉണ്ട് എന്നത് മനുഷ്യന്റെ ധാർമ്മികച്യുതിയുടെ ആഴം വ്യക്തമാക്കുന്നുണ്ട്. അന്തസ്സും അഭിമാനവും പണയംവച്ചു നേടുന്ന പ്രശസ്തിയും സാമ്പത്തികോന്നതിയുമൊക്കെ എത്രനാൾ നിലനില്ക്കും....? മരണംവരെ ഏതു വിധേനയും അതൊക്കെ നിലനിർത്തിയാലും, 'ചെയ്യു ന്നതു തെറ്റാണ്'' എന്ന സ്വന്തം മനഃസാക്ഷിയുടെ സ്വരം യഥാർത്ഥ സമാ ധാനം നല്കുമോ? അതോ ഇത്തരക്കാരുടെ മനഃസാക്ഷി അകാലചരമം പ്രാപിച്ചുവോ...?

ഈലോകത്തിലെ നൈമിഷികമായ പ്രശസ്തിയ്ക്കും സുഖത്തിനും സമ്പത്തിനും സ്വാർത്ഥലാഭത്തിനുംവേണ്ടി അരുതാത്തതു പലതും ചെയ്തുകൂട്ടുന്നവരുടെയെണ്ണം പല മേഖലകളിലും ദിനവും വർദ്ധിക്കു കയാണെന്നത് വാർത്തകൾ തെളിയിക്കുന്നുണ്ട്. എന്നാൽ യഥാർത്ഥ മായ, നിത്യമായ, ആർക്കും നശിപ്പിക്കാനാവാത്ത സമ്പത്തുനേടാനുള്ള വ്യഗ്രത നമുക്കുണ്ടോ എന്നതാണ് ചിന്താവിഷയം.

ഇത് ഏലിയാ-സ്ലീവാ-മൂശെക്കാലം.... മിശിഹായുടെ രണ്ടാം ആഗമ നവും അന്ത്യവിധിയുമൊക്കെ ധ്യാനവിഷയമാക്കുന്ന കാലം.... നിത്യം നില നില്ക്കുന്ന, ആനന്ദം നിറഞ്ഞ ജീവിതത്തിലേക്കുള്ള കാസ്റ്റിംഗ് കോളാണ് ഇരുപത്തഞ്ചാം അദ്ധ്യായത്തിൽ മത്തായി സുവിശേഷകൻ നല്കുന്നത് (മത്താ 25,31-30). ''എന്റെ ഏറ്റവും എളിയ സഹോദരന്മാരിൽ ഒരു വന് നിങ്ങൾ ഇതു ചെയ്തു കൊടുത്തപ്പോൾ എനിക്കു തന്നെയാണു ചെയ്തുതന്നത്'' (മത്താ 25,40) എന്ന ഉപസംഹാരത്തോടുകൂടി നിത്യ ജീവനിലേക്കുള്ള, പരസ്നേഹത്തിന്റെ പാത സുവിശേഷകൻ ഇവിടെ ചിത്രീകരിച്ചിരിക്കുന്നു. ഈലോകത്തിന്റെ മായകളിൽമാത്രം മുഴുകാതെ പരലോകത്തിന്റെ വാതായനങ്ങൾ തുറക്കാനുള്ള പരസ്നേഹ പ്രവർത്ത നങ്ങളിൽ വ്യാപരിക്കാൻ നമുക്കാവട്ടെ.

ചീഫ് എഡിറ്റർ






സഭയുടെ ആരാധനാവത്സരത്തിലെ ഏലിയാ-സ്ലീവാ-മൂശെക്കാലങ്ങൾ നമ്മെ അനുസ്മരിപ്പിക്കുന്നത് ക്രിസ്തീയജീവിതം പ്രത്യാശയുടെ ജീവിതമാണെന്നാണ്. ക്രിസ്തീയജീവിതം അവശ്യം കുരിശെടുക്കുന്ന ജീവിതമാണ്: "ഈശോ ശിഷ്യന്മാരോട് അരുളിച്ചെയ്തു: ആരെങ്കിലും എന്നെ അനുഗമിക്കാൻ ആഗ്രഹിക്കുന്നെങ്കിൽ അവൻ തന്നെത്തന്നെ പരിത്യജിച്ച്, തന്റെ കുരിശുമെടുത്ത് എന്നെ അനുഗമിക്കട്ടെ" (മത്താ 10,24). ഈശോയുടെ പീഡാനുഭവ, മരണ, ഉത്ഥാനങ്ങളെക്കുറിച്ച് ശിഷ്യന്മാരോടു പറഞ്ഞതിനുശേഷമാണ്, ശിഷ്യത്വത്തെക്കുറിച്ച് ഈശോ ഇപ്രകാരം പ്രസ്താവിച്ചത്. അതുകൊണ്ട് ഈശോയുടെ ശിഷ്യത്വം സ്വീകരിച്ച് ഈശോയോടൊപ്പം ജീവിക്കുന്നവരും, അവരുടെ മരണോത്ഥാനങ്ങളിലൂടെ കടന്ന് ഈശോയുടെ മഹത്ത്വത്തിൽ പങ്കുചേരും എന്നുള്ള പ്രത്യാശ ക്രൈസ്തവജീവിതത്തിന്റെ അടിസ്ഥാന സ്വഭാവമാണെന്നതിന് സംശയമില്ല.

**ഏലിയാ-സ്ലീവാ-മൂശെക്കാലങ്ങൾ**

സഭയുടെ ആരാധനാവത്സരത്തിലെ ഏലിയാ-സ്ലീവാ-മൂശെക്കാലങ്ങൾ, ക്രിസ്തീയജീവിതത്തിന്റെ ഈ അടിസ്ഥാന സ്വഭാവത്തെ ഓർമ്മിപ്പിക്കുന്നതാണ്. സുവിശേഷങ്ങളിലെ ഈശോയുടെ രൂപാന്തരീകരണ വിവരണത്തിൽ ഈശോയോടൊപ്പം മോശയും ഏലിയായും പ്രത്യക്ഷപ്പെട്ടത് ഇതിന്റെ സൂചനയാണ്: "അവൻ അവരുടെ മുമ്പിൽ വച്ച് രൂപാന്തരപ്പെട്ടു. അവന്റെ മുഖം സൂര്യനെപ്പോലെ വെട്ടിത്തിളങ്ങി. അവന്റെ വസ്ത്രം പ്രകാശംപോലെ ധവളമായി. മോശയും ഏലിയായും അവനോടു സംസാരിക്കുന്നതായി അവർ കണ്ടു" (മത്താ 17,2-3). മോശയുടെയും ഏലിയായുടെയും സാന്നിദ്ധ്യത്തിനു പല സൂചനകളുണ്ട്. ഇവർ ഈശോയുടെ മഹത്ത്വത്തിൽ അവിടുത്തോടൊപ്പം ഉണ്ടായിരിക്കും എന്നത് മരിച്ചവരുടെ ഉത്ഥാനത്തെയും മഹത്ത്വീകരണത്തെയും കുറിച്ച് പ്രതീക്ഷ നല്കുന്നതാണ്. ശിഷ്യന്മാർക്ക് ഈ മഹത്ത്വം കാണുവാൻ അവസരം നല്കിയത് അവരും അതിൽ പങ്കുചേരുമെന്ന് ഉറപ്പു നല്കാനാണ്.

**ഈശോയുടെ മഹത്ത്വം**

രൂപാന്തരപ്പെട്ട ഈശോ മനുഷ്യരുടെയിടയിലെ ദൈവസാന്നിദ്ധ്യമാണ്. ഈശോ ശിഷ്യന്മാരുടെ മുമ്പിൽ തന്നെത്തന്നെ വെളിപ്പെടുത്തിയത് തന്റെ ദൈവികമായ മഹത്ത്വത്തിലാണ്. ഉത്ഥിതനായ ഈശോയുടെ ദൈവിക മഹത്ത്വത്തിന്റെ ഒരു മുന്നാസ്വാദനമായിരുന്നു അത്. പീഡാനുഭവത്തിനുശേഷം വരാനിരിക്കുന്ന ഉത്ഥാനത്തിന്റെ മഹത്ത്വത്തെക്കുറിച്ചു മനസ്സിലാക്കാൻ സമാനമായ മറ്റു സംഭവങ്ങളില്ല. അതുവഴി അവിടുന്നു തന്റെ മഹത്ത്വത്തിന്റെയും മരിച്ചവർക്ക് അതിലുള്ള ഭാഗഭാഗിത്വത്തിന്റെയും ഒരു മുന്നാസ്വാദനം നല്കുകയായിരുന്നു. ഈശോയുടെ കുരിശിന്റെ പിന്നിൽ ഒളിച്ചിരുന്ന മഹത്ത്വം മനസ്സിലാക്കാൻ ശിഷ്യന്മാർക്ക് അതുവരെ കഴിഞ്ഞിരുന്നില്ല. ഈശോ മഹത്ത്വീകരിക്കപ്പെട്ടപ്പോൾ സ്വർഗത്തിൽ നിന്നുണ്ടായ സ്വരം മാമോദീസായുടെ അവസരത്തിലേതുപോലെതന്നെയാണ്: "ഇവൻ എന്റെ പ്രിയപുത്രൻ. ഇവനിൽ ഞാൻ പ്രസാദിച്ചിരിക്കുന്നു. ഇവന്റെ വാക്കു ശ്രവിക്കുവിൻ" (മത്താ 17,5). മാമോദീസായിലൂടെ ദൈവപുത്രത്വത്തിലേക്കു പ്രവേശിച്ച ശിഷ്യരുടെ സമൂഹമാണ് സഭ. ഈശോയുടെ ശിഷ്യത്വം ജീവിക്കുന്ന ക്രൈസ്തവരുടെ അന്ത്യാത്മക മഹത്ത്വത്തിന്റെ മുൻസൂചനയായി ഈശോയുടെ രൂപാന്തരീകരണാനുഭവത്തെ കാണുവാൻ കഴിയും.

**സ്വർഗീയമഹത്ത്വം പ്രതീക്ഷിക്കുന്ന ജീവിതം**

വിശുദ്ധ പൗലോസ്ശ്ലീഹാ റോമാക്കാർക്കെഴുതിയ ലേഖനത്തിൽ ഇപ്രകാരം പറയുന്നു: "നമുക്കു വെളിപ്പെടാനിരിക്കുന്ന മഹത്ത്വത്തോടു തുലനം ചെയ്യുമ്പോൾ ഇന്നത്തെ കഷ്ടതകൾ നിസ്സാരമാണെന്നു ഞാൻ കരുതുന്നു. സൃഷ്ടപ്രപഞ്ചം ദൈവമക്കളുടെ വെളിപ്പെടുത്തലിനെ ആകാംക്ഷയോടെ കാത്തിരിക്കുന്നു" (റോമാ 8,18-19). ഇപ്പോൾ സഹനമനുഭവിക്കുന്ന ക്രൈസ്തവർ പിന്നീട് മിശിഹായോടൊപ്പം മഹത്ത്വീകരിക്കപ്പെടുമെന്നുള്ള പ്രത്യാശ ക്രിസ്തീയജീവിതത്തിന്റെ അടിസ്ഥാന സ്വഭാവമാണ്. ഈ പ്രതീക്ഷയ്ക്കുള്ള ഉറപ്പ് ക്രൂശിതനും ഉത്ഥിതനുമായ ഈശോമിശിഹാതന്നെയാണ്. ഫിലിപ്പിയർക്കെഴുതിയ ലേഖനത്തിൽ പൗലോസ്ശ്ലീഹാ വീണ്ടും പറയുന്നു: "നമ്മുടെ പൗരത്വം സ്വർഗത്തിലാണ്. അവിടെനിന്ന് ഒരു രക്ഷകനെ, കർത്താവായ ഈശോമിശിഹായെ നാം കാത്തിരിക്കുന്നു. സകലത്തെയും തനിക്കു കീഴ്പ്പെടുത്താൻ കഴിയുന്ന ശക്തിവഴി അവൻ നമ്മുടെ ദുർബലശരീരത്തെ തന്റെ മഹത്ത്വമുള്ള ശരീരംപോലെ രൂപാന്തപ്പെടുത്തും" (ഫിലി 3,20-21). അവിടുത്തെ ആത്മാവിന്റെ സാന്നിദ്ധ്യമാണ് ഇപ്പോഴത്തെ സഹനങ്ങളെ ശാന്തമായി നേരിടുവാൻ നമുക്കു കഴിവു നല്കുന്നത്. ഈശോയുടെ പീഡാനുഭവത്തിലും മരണത്തിലും ഉത്ഥാനത്തിലും പ്രവർത്തിച്ച അരൂപിതന്നെയാണ് നമ്മിലും പ്രവർത്തിക്കുന്നത്. അതുകൊണ്ട് ഈശോയിൽ വിശ്വസിക്കുന്നവരായ നാം അവിടുത്തെ ജീവിതത്തിനു സദൃശ്യമായ ജീവിതം പ്രതീക്ഷയോടെ നയിക്കുവാൻ പരിശ്രമിക്കണം.

**അരൂപിയിൽ ശക്തി പ്രാപിക്കുന്ന ജീവിതം**

വിശ്വാസത്തിലും പ്രത്യാശയിലും ജീവിക്കുവാൻ നമ്മെ ഈലോകത്തിൽ ശക്തിപ്പെടുത്തുന്നത് നമ്മിലുള്ള അരൂപിയുടെ സാന്നിദ്ധ്യമാണ്. ലോകത്തിൽ നേരിടുന്ന നിരവധി പ്രശ്നങ്ങളുടെ നടുവിൽ പ്രത്യാശയോടെ ജീവിക്കുവാൻ, ഉത്ഥിതനായ മിശിഹാ നമ്മുടെ സഹായകനായി സഭയിൽ സന്നിഹിതനാണ്. യോഹന്നാൻശ്ലീഹായുടെ ഒന്നാം ലേഖനത്തിൽ അതേപ്പറ്റി ഇപ്രകാരം പറയുന്നു: "എന്റെ കുഞ്ഞുമക്കളേ, നിങ്ങൾ പാപം ചെയ്യാതിരിക്കേണ്ടതിനാണ് ഞാൻ ഇവ നിങ്ങൾക്കെഴുതുന്നത്. എന്നാൽ, ആരെങ്കിലും പാപം ചെയ്യാനിടയായാൽത്തന്നെ പിതാവിന്റെ സന്നിധിയിൽ നമുക്കൊരു മദ്ധ്യസ്ഥനുണ്ട് - നീതിമാനായ ഈശോമിശിഹാ"

(1 യോഹ 2,1). പ്രാർത്ഥനയിലൂടെയാണ് ഈശോമിശിഹായിലൂടെയുള്ള അരൂപിയുടെ സഹായം നമുക്ക് അനുഭവവേദ്യമാകേണ്ടത്. പക്ഷേ, പ്രാർത്ഥിക്കേണ്ടത് എങ്ങനെയെന്ന് നമുക്കറിഞ്ഞുകൂടാ. അതുകൊണ്ട് നാം ഈശോയോടു ചേർന്നുനിന്നുകൊണ്ട് പ്രാർത്ഥിക്കണം. മഹത്ത്വീകൃതനായ ഈശോ സഭയിൽ സന്നിഹിതനായതുകൊണ്ട്, സഭയോടു ചേർന്നു പ്രാർത്ഥിച്ചുകൊണ്ടാണ് ഈശോയോടുള്ള ഈ പ്രാർത്ഥന നാം നിർവഹിക്കേണ്ടത്. സഭയുടെ പ്രാർത്ഥനകളിൽ നാം പങ്കുചേരുകയും പ്രാർത്ഥിക്കേണ്ടതെങ്ങനെയെന്ന് അവയിൽനിന്നും പഠിക്കുകയും ചെയ്യണം. സഭയുടെ പ്രാർത്ഥനകൾ ചൊല്ലാൻ നാം താല്പര്യമുള്ളവരാകണം.

**ദൈവസ്നേഹത്തിൽ വളരുന്ന ജീവിതം**

വിശ്വാസത്തിലും പ്രത്യാശയിലുമുള്ള ക്രിസ്തീയജീവിതം നമുക്കു സാധ്യമാക്കിത്തീർത്ത ദൈവത്തിന്റെ സ്നേഹത്തിൽ നിലനില്ക്കുകയും വളരുകയും ചെയ്യുന്ന ഒരു ജീവിതമാണ് ക്രൈസ്തവർ നയിക്കേണ്ടത്. വിശ്വാസികൾക്കു വിശുദ്ധീകരണവും ദൈവികമഹത്ത്വവും സാധ്യമാക്കിത്തീർത്ത ദൈവത്തിന്റെ അചഞ്ചലമായ സ്നേഹമാണ് മിശിഹായിൽ വെളിപ്പെടുത്തപ്പെട്ടതും നമുക്കു നല്കപ്പെട്ടതും. അതുകൊണ്ട് എന്തെല്ലാം സഹനങ്ങൾ ഈ ലോകത്തിൽ നേരിടേണ്ടി വന്നാലും ഈശോമിശിഹായിലൂടെയുള്ള ദൈവസ്നേഹത്തിൽനിന്ന് നമ്മെ വേർപെടുത്താൻ ഈ ലോകത്തിൽ ഒന്നിനും കഴിയുകയില്ലെന്നു പ്രഖ്യാപിച്ചുകൊണ്ടാണ് പൗലോസ്ശ്ലീഹാ റോമാക്കാർക്കെഴുതിയ ലേഖനം 8-ാം അദ്ധ്യായം അവസാനിപ്പിക്കുന്നത് (റോമാ 8,38-39). അതുപോലെ, ഓരോ ക്രൈസ്തവനും, ഈ ലോകത്തിന്റേതായ എന്തെല്ലാം ബുദ്ധിമുട്ടുകൾ അനുഭവപ്പെട്ടാലും, അവയെയെല്ലാം മറികടന്ന് വിശ്വാസത്തോടും പ്രത്യാശയോടും സ്നേഹത്തോടുംകൂടെ ജീവിക്കുവാൻ പരിശ്രമിക്കണം.

*ഒരാളെ സ്നേഹിക്കുകയും ദിവസം മുഴുവനും അയാളോടു സ്നേഹത്തിന്റെ ഒരടയാളവും കാണിക്കാതിരിക്കുകയും ചെയ്യുന്ന വ്യക്തി അയാളെ യഥാർത്ഥത്തിൽ സ്നേഹിക്കുന്നില്ല. ദൈവവുമായുള്ള ബന്ധത്തിലും അങ്ങനെതന്നെയാണ്. ദൈവത്തെ യഥാർത്ഥത്തിൽ അന്വേഷിക്കുന്ന വ്യക്തി, അവിടുത്തെ കൂട്ടുകെട്ടിനും സൗഹൃദത്തിനുംവേണ്ടിയുള്ള ആഗ്രഹത്തിന്റെ അടയാളങ്ങൾ അയച്ചുകൊണ്ടിരിക്കും. പ്രഭാതത്തിലുണർന്ന് ആ ദിവസം ദൈവത്തിനു പ്രതിഷ്ഠിക്കുക. നിങ്ങളുടെ എല്ലാ കണ്ടുമുട്ടലുകളിലും ആവശ്യങ്ങളിലും അവിടുത്തെ അനുഗ്രഹവും "സാന്നിദ്ധ്യ"വുമുണ്ടാകാൻ പ്രാർത്ഥിക്കുകയും ചെയ്യുക. പ്രത്യേകിച്ച് ഭക്ഷണനേരങ്ങളിൽ അവിടുത്തേക്കു നന്ദി പറയുക. ദിവസത്തിന്റെ അവസാനം എല്ലാം അവിടുത്തെ കൈകളിൽ പ്രതിഷ്ഠിക്കുക, പൊറുതി യാചിക്കുക, നിങ്ങൾക്കുവേണ്ടിയും മറ്റുള്ളവർക്കുവേണ്ടിയും സമാധാനത്തിനായി പ്രാർത്ഥിക്കുക. അതു മഹത്തായ ഒരു ദിവസമായിരിക്കും - ദൈവത്തിലേക്ക് എത്തിച്ചേരുന്ന ജീവന്റെ അടയാളങ്ങൾ നിറഞ്ഞ ഒരു ദിവസം.*

(YOUCAT 499)



# എനിക്കെന്തു യോഗ്യത?

**സ്റ്റെഫി മംഗലത്തുകുന്നേൽ**
**അപ്പസ്തോലിക് ഒബ്ലേറ്റ്സ്**

**വി**നേഷ് ഫോഗട്ടിന്റെ തേങ്ങൽ ജീവിതസാഫല്യമായിരുന്ന ഒളിമ്പിക് മെഡൽ കയ്യെത്തും ദൂരത്തു വച്ചു വീണ്ടും നഷ്ടമായ ഒരു കായികതാരത്തിന്റെ മാത്രം ഹൃദയനൊമ്പരമായിരുന്നില്ല; മറിച്ച് നൂറ്റിനാൽപ്പത്തിനാലു കോടി ജനങ്ങളുടെയും അവളുടെ മാതൃരാജ്യത്തിന്റെയും തേങ്ങലായിരുന്നു.

ഫോഗട്ട്, തളരരുത്; മൂന്നാം വട്ടവും നിനക്കു നിഷേധിക്കപ്പെട്ടത് മെഡൽ മാത്രമാണ്. മെഡൽ നേടാനുള്ള അവസരമല്ല. അതുകൊണ്ട് നിഷേധക്കപ്പെട്ടതു നേടിയെടുക്കുവോളം നിനക്കിനിയും പരിശ്രമിക്കാം. ആത്മാഭിമാനത്തോടെ, ചങ്കുറപ്പോടെ, വിടർന്ന കണ്ണുകളോടെതന്നെ നിനക്കു പിറന്ന മണ്ണിൽ കാലുകുത്താം. കാരണം, രാജ്യത്തിനായൊരു മെഡൽ നേടുവാനായി സ്വന്തം ജീവരക്തം പോലും ഊറ്റിക്കളയാൻ നീ മടിച്ചില്ല. ഹ്രസ്വജീവിതകാലത്തുതന്നെ നീ താണ്ടിയ കനൽവഴികളും തകർന്നുടഞ്ഞ സ്വപ്നത്തെപ്രതിയുള്ള കണ്ണുനീരും കരുത്തോടെ തിരിച്ചുവരുന്നതിനായി നിനക്കു ബലമേകുമെന്നു പ്രത്യാശിക്കുന്നു.

ആരാധനാവത്സരത്തിലെ ഏലിയാ-സ്ലീവാ-മൂശെക്കാലത്താണു നാമിപ്പോൾ. ജീവിതാവസാനത്തിലെ ആ വലിയ പരീക്ഷയെ അനുസ്മരിപ്പിക്കുന്ന കാലം. ഓൾ പാസ് ഇല്ലാത്ത ആ പരീക്ഷ പാസാവാൻ വേണ്ട യോഗ്യത സമ്പാദിച്ചിട്ടുണ്ടോ എന്നു വ്യക്തിപരമായി ആത്മശോധന ചെയ്യാൻ സഭാമാതാവ് ആഹ്വാനം ചെയ്യുന്ന കാലം. "നിയമാനുസൃതം മത്സരിക്കാത്ത ഒരു കായികാഭ്യാസിക്കും കിരീടം ലഭിക്കുകയില്ല" (2 തിമോ 2,5) എന്ന പൗലോസ്ശ്ലീഹായുടെ മുന്നറിയിപ്പിനെ അവഗണിച്ചുകൂടാ. "ഞാൻ നിന്നെ അറിയുകയില്ല" (മത്താ 7,23) എന്ന ഒറ്റ മറുപടിയിൽ എല്ലാം തകർന്നു തരിപ്പണമാകുന്ന ഒരു നിമിഷത്തെക്കുറിച്ച് ചിന്തിക്കാൻപോലും നമുക്കാവുമോ? ചെയ്യേണ്ട കടമകളെല്ലാം ചെയ്ത് ദൈവതിരുമുമ്പിൽ അർഹതയോടെ പ്രത്യക്ഷപ്പെടാൻ അവകാശമുള്ളവരായി ജീവിച്ചേ പറ്റൂ (2 തിമോ 2,15). ഇല്ലെങ്കിൽ "അനീതി പ്രവർത്തിക്കുന്നവരേ, നിങ്ങൾ എന്നിൽ നിന്നും അകന്നുപോകുവിൻ" (മത്താ 7,23) എന്ന അത്യന്തം ഭീതിജനകമായ ആ വാചകവും നമ്മോട് ആവർത്തിക്കപ്പെടും. സമയം വൈകിയിട്ടില്ല; പക്ഷേ ഇനി എത്രനാൾകൂടി എന്നറിയില്ല. അതുകൊണ്ട് ചുരുങ്ങിയ നാളകൾക്കുള്ളിൽ കൂടുതൽ പരിശ്രമിക്കേണ്ടതിന്റെ ആവശ്യകത ഉള്ളിലുണ്ടാകട്ടെ.

ഫോഗട്ടിന്റെ പരിശ്രമം ആത്മീയജീവിതത്തിനു മാതൃകയാക്കാവുന്നതാണ്. കൂടുതലുണ്ടായിരുന്ന ഭാരം അല്പമെങ്കിലും കുറയ്ക്കുവാൻ, ശിരസ്സിനൊരലങ്കാരമായിരുന്ന മുടി മടികൂടാതെ മുറിച്ചുമാറ്റി. ഭാരം കുറയ്ക്കാൻ രാത്രി മുഴുവൻ ഉറക്കമിളച്ചിരുന്നു. തീർന്നില്ല, ജീവന് അവശ്യം ആവശ്യമായ രക്തം പോലും ഊറ്റിക്കളയാൻ അവൾ മടിച്ചില്ല. സ്വന്തം രാജ്യത്തിനുവേണ്ടി മെഡൽ നേടുന്നതിനുള്ള ഫോഗട്ടിന്റെ പരിശ്രമം ഇത്ര വലുതായിരുന്നുവെങ്കിൽ ജീവിതസാഫല്യമായ നിത്യജീവിതത്തിനുവേണ്ട നമ്മുടെ പരിശ്രമം ഇതിലുമെത്രയോ തീവ്രമായിരിക്കണം! ഈശോ പറയുന്നു: "നിന്റെ കണ്ണ് നിനക്കു ദുഷ്പ്രേരണയ്ക്കു കാരണമാകുന്നുവെങ്കിൽ, അതു ചൂഴ്ന്നെടുത്ത് എറിഞ്ഞുകളയുക. ഇരുകണ്ണുകളോടുംകൂടെ നരകാഗ്നിയിൽ എറിയപ്പെടുന്നതിനേക്കാൾ നല്ലത് ഒരു കണ്ണുള്ളവനായി ജീവനിലേക്കു പ്രവേശിക്കുന്നതാണ്"(മത്താ 18,19). സ്വർഗ്ഗപ്രാപ്തിക്കു തടസ്സമായി നിൽക്കുന്നവയെയൊക്കെ പിഴുതെടുത്തു കളയുവാനുള്ള ചങ്കൂറ്റമുള്ളവർക്കേ നിത്യജീവൻ സ്വന്തമാക്കാനാവൂ. അല്ലാത്തവർക്കാകട്ടെ അതിനുള്ള മാർഗ്ഗം കഠിനമായും ലക്ഷ്യം അപ്രാപ്യമായുമൊക്കെ തോന്നും.

നമ്മെ തിന്മയിലേക്കു നയിക്കുന്നവ, അതെന്തുതന്നെയായാലും, എത്ര അത്യാവശ്യമെന്നു തോന്നിയാലും ഒഴിവാക്കിയേ പറ്റൂ; അതു ധനമാകട്ടെ, സ്ഥാനമാനങ്ങളും പദവിയുമാകട്ടെ, ബന്ധങ്ങളാകട്ടെ എന്തായാലും. അല്ലെങ്കിൽ സ്വർഗ്ഗത്തിലേക്കുള്ള നമ്മുടെ പ്രയാണത്തിൽ അതൊക്കെ അമിതഭാരമാകും.

ഫോഗട്ടിന് അയോഗ്യത കൽപിക്കപ്പെട്ടപ്പോൾ അപ്പീലിനു പോകാൻ ഒളിമ്പിക് കോടതിയുണ്ടായിരുന്നു. അവൾക്കുവേണ്ടി വാദിക്കുവാനും അവളുടെ ഭാഗം ന്യായീകരിക്കുവാനും ആളുകളുണ്ടായിരുന്നു. എന്നിട്ടും കോടതിവിധി അവൾക്കനുകൂലമായിരുന്നില്ല എന്നതു നമ്മെ സംബന്ധിച്ച് അത്യന്തം വേദനാജനകമായ ഒരു വാർത്തതന്നെയായിരുന്നു. അന്ത്യവിധിക്കായി തിരുമുമ്പിൽ നിൽക്കുമ്പോൾ, നമ്മുടെ ചെയ്തികളെപ്രതി നാം സ്വർഗ്ഗത്തിനയോഗ്യരെന്നു വിധി വന്നാൽ അവിടെ അപ്പീലിന് അവസരമില്ലെന്നും ന്യായവാദങ്ങൾ വിലപ്പോവുകയില്ലെന്നും നമുക്കുവേണ്ടി വാദിക്കാൻ മറ്റാർക്കും കഴിയുകയില്ലെന്നും അറിയാത്ത ഒരു ക്രിസ്ത്യാനിയും ഇല്ലല്ലോ! അതിനാൽ ക്രിസ്താനുകരണം പറയുന്നതുപോലെ, മരണത്തിൽ നമുക്കുണ്ടാകണമെന്നു നാം ആഗ്രഹിക്കുന്ന വിശുദ്ധിയിൽ ഒരോ ദിവസവും ജീവിക്കാൻ നമുക്കു പരിശ്രമിക്കാം.



# പ്രലോഭനങ്ങൾക്കെതിരെയുള്ള ജാഗ്രത

**ഫാ. ലിൻസ് കളത്തൂർ**
**കോതമംഗലം രൂപത**

**നാ**ൽപതു ദിനരാത്രങ്ങൾ ഉപവസിച്ച ഈശോ പിശാചിനാൽ പരീക്ഷിക്കപ്പെടുന്ന രംഗം നാം വചനത്തിൽ വായിക്കുന്നുണ്ട്. ഈശോയുടെ മരുഭൂമിയിലെ പ്രലോഭനം നമുക്കു മുമ്പിൽ ഒരു തുറന്ന പാഠപുസ്തകമാണ്.

ഈശോയുടെ മരുഭൂമിയിലെ ജീവിതത്തെ അനുസ്മരിച്ചുകൊണ്ടാണ് ആത്മീയ ജീവിതത്തിലെ പ്രലോഭനങ്ങളെ എങ്ങനെയാണ് നാം നേരിടേണ്ടതെന്ന് പഠിക്കുന്നത്.

ദൈവത്തെപ്പോലെ ആകാമെന്ന പിശാചിന്റെ പരീക്ഷണത്തിൽ മനുഷ്യകുലത്തെ മുഴുവൻ പ്രതിനിധീകരിക്കുന്ന ആദ്യമാതാപിതാക്കൾ പരാജയപ്പെടുന്നു. എന്നാൽ, സുവിശേഷത്തിൽ പുതിയ ആദമായ ഈശോ പിശാചിന്റെ പരീക്ഷണങ്ങളിൽ വിജയിക്കുന്നു. ആദ്യ മാതാപിതാക്കളുടെ അനുസരണക്കേടു മൂലം ഈ ഭൂമിയിൽ പാപവും മരണവും വന്നുവെങ്കിൽ ഈശോയിലൂടെ ഉത്ഥാനവും, ജീവനും കൈവന്നു. ക്രൈസ്തവന്റെ ജീവിതത്തിൽ തിന്മയുടെ പ്രലോഭനങ്ങൾക്കുള്ള സാധ്യത തള്ളിക്കളയാനാവില്ല. ഈശോ പൂർണ്ണമായും ദൈവത്തിലാശ്രയിച്ചു മരുഭൂമിയിൽ ജീവിച്ചപ്പോൾ തിന്മയെ അതിജീവിക്കാനുള്ള ശക്തി ലഭിച്ചു. പ്രലോഭനങ്ങളെ നേരിടാനുള്ള ഏറ്റവും നല്ല മാർഗ്ഗം ദൈവശക്തിയിൽ ഉറച്ചു വിശ്വസിക്കുക എന്നതുതന്നെയാണ്.

തിന്മയെ അകറ്റിനിർത്താനുള്ള മറ്റൊരു മാർഗ്ഗമാണ് കൂദാശകൾ യോഗ്യതയോടെ, ഒരുക്കത്തോടെ, ഭക്തിപൂർവ്വം സ്വീകരിക്കുക എന്നത്. മാമ്മോദീസ സ്വീകരിച്ചു ദൈവ മക്കളായതുകൊണ്ടോ ഉത്ഭവപാപത്തിൽനിന്ന് മോചിതരായതുകൊണ്ടോ സകല തിന്മകളിൽ നിന്നും മാറ്റപ്പെട്ടു എന്ന് കരുതാനാവില്ല. അതിനാൽ മാമോദീസയിൽ നാം സ്വീകരിച്ച ദൈവകൃപ നഷ്ടപ്പെടുത്താതെ കാത്തുസൂക്ഷിക്കുവാൻ നമ്മുടെ നിരന്തരമായ ജാഗ്രതയുണ്ടാകണം. ഈശോയുടെ മാമ്മോദീസാ കഴിഞ്ഞയുടനെയാണ് മരുഭൂമിയിലെ പരീക്ഷണവും ആരം ഭിക്കുന്നത്. മരുഭൂമിയിൽ ഉപവാസത്തിലും പ്രാർത്ഥനയിലും ചിലവഴിക്കുമ്പോഴാണ് ഈശോയോട് പിശാച് ചോദ്യങ്ങളുമായി കടന്നുവരുന്നത്.

മരുഭൂമിയെന്ന ഏകാന്തതയും ശൂന്യതയും നമ്മുടെ ജീവിതത്തിൽ പ്രലോഭനങ്ങൾക്ക് വഴിവയ്ക്കുന്നുവെന്ന സത്യം നാം മറന്നു പോകരുത്. നമ്മുടെ സ്വകാര്യതയിലും ഏകാന്തതയിലും ബലഹീനതയിലും ഇല്ലായ്മയിലുമാണ് പാപപ്രലോഭനങ്ങൾ ഉയരുന്നത്. വിശപ്പിന്റെ ബലഹീനതയിൽ പാപത്തിന്റെ അപ്പം വാഗ്ദാനം ചെയ്യുന്ന ഒന്നാമത്തെ പ്രലോഭനത്തെ ഈശോ അതിജീവിക്കുന്നത്, ദൈവവചനത്തിന്റെ പ്രാധാന്യം മനസ്സിലാക്കി ക്കൊടുത്തുകൊണ്ടാണ്. ക്രിസ്തുശിഷ്യരായ നമുക്കും തിന്മയുടെ അഭിരുചികളെ കീഴടക്കാൻ കഴിയുന്നത് വചനവായനയിലൂടെയാണ്. വചനം വായിക്കുകയും, പഠിക്കുകയും, ജീവിതത്തിൽ പ്രതിഫലിപ്പിക്കുകയും ചെയ്യുമ്പോൾ തിന്മയ്ക്കു പ്രവേശിക്കാൻ കഴിയാത്തവിധം നാം ദൈവശക്തിയാൽ ബന്ധിക്കപ്പെടുകയാണ്.

മനുഷ്യന് തിന്മയോടും അന്ധകാരത്തോടുമുള്ള ഭയം ഉണ്ട്. വചനത്തിൽ പലയിടങ്ങളിലും തിന്മയുടെ സ്വാധീനത്തെ എടുത്തു കാണിക്കുന്നുണ്ട്. ബൈബിളിൽ പിശാചിനെക്കുറിച്ചുള്ള ആദ്യത്തെ അറിയിപ്പ്, "ദൈവമായ കർത്താവ് സൃഷ്ടിച്ച എല്ലാ വന്യജീവികളിലും വെച്ച് കൗശലമേറിയതായിരുന്നു സർപ്പം" (ഉൽപ 3,1) എന്നുള്ളതാണ്. ഈശോ പിശാചിനെകുറിച്ച് പറയുന്നത് "അവൻ നുണയനും നുണയുടെ പിതാവുമാണ്" (യോഹ 8,44) എന്നാണ്. യഥാർത്ഥത്തിൽ പിശാചിൽ സത്യമില്ല.

പിശാചിന്റെ ഏറ്റവും വലിയ ലക്ഷ്യം മനുഷ്യനെ ദൈവത്തിൽ നിന്ന് അകറ്റുക എന്നതാണ്. അതുകൊണ്ടു തന്നെ അവൻ എപ്പോഴും മനുഷ്യനെ കബളിപ്പിച്ചുകൊണ്ടിരിക്കുന്നു. മനുഷ്യനെ വഴിതെറ്റിക്കാൻ വേണ്ടി അവൻ ഏത് വേഷവും കെട്ടും, വേണ്ടിവന്നാൽ ദൈവദൂതനായി പോലും പിശാച് വേഷം കെട്ടും (2 കോറി 11,14). അതിനാൽ പിശാചിന്റെ തന്ത്രങ്ങൾ തിരിച്ചറിയാനും അതിൽ നിന്ന് മാറിനിൽക്കുവാനും നാം വിവേകമുള്ളവരാകണം. പൗലോസ്ശ്ലീഹാ മനോഹരമായി എഫേസോസ് ലേഖനത്തിൽ ഇതു വിവരിക്കുന്നുണ്ട്, "സാത്താന്റെ കുടില തന്ത്രങ്ങളെ എതിർത്തുനിൽക്കാൻ ദൈവത്തിന്റെ എല്ലാ ആയുധങ്ങളും ധരിക്കുവിൻ. എന്തെന്നാൽ, നമ്മൾ മാംസത്തിനും രക്തത്തിനും എതിരായിട്ടല്ല, പ്രഭുത്വങ്ങൾക്കും ആധിപത്യങ്ങൾക്കും ഈ അന്ധകാരലോകത്തിന്റെ അധിപന്മാർക്കും സ്വർഗീയ ഇടങ്ങളിൽ വർത്തിക്കുന്ന തിന്മയുടെ ദുരാത്മാക്കൾക്കുമെതിരായിട്ടാണു പടവെട്ടുന്നത്. അതിനാൽ, ദൈവത്തിന്റെ എല്ലാ ആയുധങ്ങളും ധരിക്കുവിൻ. തിന്മയുടെ ദിനത്തിൽ ചെറുത്തുനിൽക്കാനും എല്ലാ കർത്തവ്യങ്ങളും നിറവേറ്റിക്കൊണ്ട് പിടിച്ചുനിൽക്കാനും അങ്ങനെ നിങ്ങൾക്കു സാധിക്കും. അതിനാൽ, സത്യം കൊണ്ട് അരമുറുക്കി, നീതിയുടെ കവചം ധരിച്ച് നിങ്ങൾ ഉറച്ചുനിൽക്കുവിൻ. സമാധാനത്തിന്റെ സുവിശേഷത്തിനുള്ള ഒരുക്കമാകുന്ന പാദരക്ഷകൾ ധരിക്കുവിൻ. സർവോപരി, ദുഷ്ടന്റെ ജ്വലിക്കുന്ന കൂരമ്പുകളെ കെടുത്തുന്നതിന് നിങ്ങളെ

> “എന്റെ മകനേ, നീ കർത്തൃശുശ്രൂഷയ്ക്ക് ഒരുമ്പെടുന്നെങ്കിൽ പ്രലോഭനങ്ങളെ നേരിടാൻ ഒരുങ്ങിയിരിക്കുക. നിന്റെ ഹൃദയം അവക്രവും അചഞ്ചലവുമായിരിക്കട്ടെ; ആപത്തിൽ അടിപതറരുത്. അവിടുത്തോട് വിട്ടകലാതെ ചേർന്നു നിൽക്കുക; നിന്റെ അന്ത്യദിനങ്ങൾ ധന്യമായിരിക്കും. വരുന്ന ദുരിതങ്ങളെല്ലാം സ്വീകരിക്കുക; ഞെരുക്കുന്ന ദൗർഭാഗ്യങ്ങളിൽ ശാന്തത വെടിയരുത്. എന്തെന്നാൽ, സ്വർണം അഗ്നിയിൽ ശുദ്ധി ചെയ്യപ്പെടുന്നു; സഹനത്തിന്റെ ചൂളയിൽ കർത്താവിനു സ്വീകാര്യരായ മനുഷ്യരും” (പ്രഭാ 2,1-5).

ശക്തരാക്കുന്ന വിശ്വാസത്തിന്റെ പരിച എടുക്കുവിൻ. രക്ഷയുടെ പടത്തൊപ്പി അണിയുകയും ദൈവവചനമാകുന്ന ആത്മാവിന്റെ വാൾ എടുക്കുകയും ചെയ്യുവിൻ” (6,11-17).

വീണ്ടും, മനുഷ്യനെ ദൈവത്തിൽനിന്ന് അകറ്റുന്നതുവഴി പിശാച് ദൈവത്തെ തോൽപ്പിക്കാൻ പരിശ്രമിക്കുന്നു. അതിനായി അവൻ എന്തു തന്ത്രവും പയറ്റുന്നു. അതുകൊണ്ടാണ് പത്രോസ്ശ്ലീഹാ തന്റെ ഒന്നാമത്തെ ലേഖനത്തിൽ ഇപ്രകാരം പറയുന്നത്: “നിങ്ങളുടെ ശത്രുവായ പിശാച് അലറുന്ന സിംഹത്തെപോലെ, ആരെ വിഴുങ്ങണമെന്ന് അന്വേഷിച്ച് ചുറ്റിനടക്കുന്നു” (1 പത്രോ 5,8) എന്ന്.

പക്ഷേ നമുക്കറിവുള്ളതാണ്, ഈശോ നമുക്കായി നേടിതന്ന രക്ഷയ്ക്ക് അർഹരാവുക എന്നതാണ് നമ്മുടെ ജീവിത ലക്ഷ്യമെന്ന്. അത് സാധ്യമാവാതിരിക്കുവാൻ പിശാച് പല കളവും പറയും, കബളിപ്പിക്കാൻ പരിശ്രമിക്കും, പല തന്ത്രങ്ങളും പ്രയോഗിക്കും. എന്നാൽ ഇവയിൽ നിന്നൊക്കെ അകന്നു നിൽക്കണമെങ്കിൽ പരിശുദ്ധാത്മാവിനാൽ നിറഞ്ഞ് നന്മതിന്മകളെ വിവേചിച്ചറിയാൻ നമുക്ക് സാധിക്കണം. പരിശുദ്ധ കുർബാനയിൽ ഭക്തിപൂർവ്വം പങ്കെടുത്തും വിശുദ്ധ കുമ്പസാരം നടത്തിയും ദൈവവചനം ഹൃദയത്തിൽ സൂക്ഷിച്ചും നന്മയുള്ള ബന്ധങ്ങൾ നിലനിർത്തിയും നമുക്ക് തിന്മയുടെ ബന്ധനങ്ങളെ തകർക്കാം.




## നിന്നെയും വിളിക്കുന്നു.....

- നിന്റെ സ്നേഹം ആവശ്യമുള്ള ഒരു ലോകത്തിലേക്ക്....
- വിശുദ്ധിയിലേക്ക് നമ്മെ വിളിച്ചിരിക്കുന്ന ദൈവപിതാവിന്റെ വ്യവസ്ഥയില്ലാത്ത സ്നേഹം വചനാനുഭവത്തിലൂടെ പങ്കുവയ്ക്കുവാൻ....
- കർമ്മമാർഗ്ഗത്തിലൂടെ ഈശ്വരാനുഭവത്തിലേക്ക് മനുഷ്യമക്കളെ കൂട്ടിക്കൊണ്ടുവരാൻ....

**ഇതാ നിന്റെ മുമ്പിൽ വെല്ലുവിളിയുടെ ഒരു ജീവിതം....**

**Vocation Promoter, Apostolic Oblates, Spirituality Centre**
**Manganam P.O., , Kottayam - 686 018, Ph: 9400573640**

# സെനക്കിൾ തരംഗം

## സന്ദേശം

മിശിഹായിൽ പ്രിയപ്പെട്ട വൈദികസഹോദരരേ,

ആരാധനാവത്സരത്തിൽ ഏലിയാ-സ്ലീവാ-മൂശെക്കാലങ്ങളിലേക്കു നാം പ്രവേശിക്കുകയാണല്ലോ. കർത്താവിന്റെ ദ്വിതീയാഗമനവും അന്ത്യവിധിയുമാണ് ഏലിയാ-സ്ലീവാ-മൂശെക്കാലങ്ങളിലെ വിചിന്തന വിഷയങ്ങൾ. സെപ്റ്റംബർ 14-ാം തീയതി ആചരിക്കുന്ന കുരിശിന്റെ പുകഴ്ചയാണല്ലോ ഈ കാലത്തിന്റെ കേന്ദ്രബിന്ദു. കോൺസ്റ്റന്റൈൻ ചക്രവർത്തിക്കുണ്ടായ ദൈവികദർശനത്തോടും യുദ്ധത്തിൻ നേടിയ വിജയത്തോടും, തുടർന്ന് ജറുസലേമിലെ തിരുക്കല്ലറയുടെ മുകളിൽ പണിത ദൈവാലയ പ്രതിഷ്ഠയോടും കുരിശിന്റെ പുകഴ്ചയുടെ തിരുനാൾ അഭേദ്യമായി ബന്ധപ്പെട്ടിരിക്കുന്നു. താബോർമലയിൽ വച്ച് മഹത്ത്വമണിഞ്ഞ ഈശോയുടെ ഇരുവശങ്ങളിലുമായി മോശയും ഏലിയായും കാണപ്പെട്ടതുപോലെ കുരിശിന്റെ പുകഴ്ചയുടെ തിരുനാളിനു മുമ്പും പിമ്പുമായി ഏലിയായുടെയും മോശയുടെയും പേരിൽ രണ്ടു കാലങ്ങൾ നിലകൊള്ളുന്നതു ശ്രദ്ധേയമാണ്. ഇസ്രായേൽ ജനതയെ വാഗ്ദാനനാട്ടിലെത്തിക്കാൻ ജീവിതം സമർപ്പിച്ചവനാണ് മൂശ. ഭിന്നിച്ചുപോയ ദൈവമക്കളെ ദൈവത്തിലേക്കു തിരിച്ചുകൊണ്ടുവരാൻ അക്ഷീണം ശ്രമിച്ച പ്രവാചകനാണ് ഏലിയാ. ലോകാവസാനം, മരണം, അന്ത്യവിധി എന്നീ യാഥാർത്ഥ്യങ്ങളെക്കുറിച്ച് ദൈവജനത്തെ ബോധ്യപ്പെടുത്തി അജപാലന ശുശ്രൂഷ നിർവ്വഹിക്കുവാൻ ഈ കാലഘട്ടത്തിൽ നമുക്കു പരിശ്രമിക്കാം.

സ്നേഹാശംസകളോടെ,

മല്പാൻ മാത്യുവെള്ളാനിക്കൽ
സ്ഥാപകഡയറക്ടർ

## സെനക്കിൾ വാർത്തകൾ

2024 ജൂൺ, ജൂലൈ, ഓഗസ്റ്റ് മാസങ്ങളിൽ പതിവുപോലെ സൊദാലെസ് വൈദികരുടെയും ആസ്പിരന്റ്സ് വൈദികരുടെയും മീറ്റിംഗുകൾ നടന്നു. 2024 ഓഗസ്റ്റ് 12-13 തീയതികളിൽ നടന്ന സെനക്കിൾ വൈദിക കൂട്ടായ്മയുടെ സമൂഹബലിയിൽ ചങ്ങനാശ്ശേരി അതിരൂപതാംഗമായ ബഹു. സാജൻ പുളിക്കലച്ചൻ സെനക്കിൾ ആസ്പിരന്റ് ആയി പ്രതിജ്ഞ ചെയ്തു. നവംബർ 6-7 തീയതികളിൽ റോമിൽനിന്നും വരുന്ന ജനറൽ കൗൺസിൽ അംഗങ്ങളുടെ സാന്നിധ്യത്തിൽ ഇന്ത്യയിലെ സെനക്കിൾ വൈദികരുടെ കൂട്ടായ്മ നടക്കുന്നതായിരിക്കും.

-സെനക്കിൾ വൈദികകൂട്ടായ്മയിൽ പങ്കുചേരുവാൻ താല്പര്യമുള്ളവർ, *സെനക്കിൾ തരംഗം, സ്പിരിച്ച്വാലിറ്റി സെന്റർ, മാങ്ങാനം പി.ഒ., കോട്ടയം-686 018* എന്ന വിലാസത്തിൽ ബന്ധപ്പെടുക.



# കാതറിൻ സംതൃപ്തയാണ്

**ജിജി പുല്ലത്തിൽ**
**അപ്പസ്തോലിക് ഒബ്ലേറ്റ്സ്**

**ഒ**റ്റ നോട്ടത്തിൽ യാതൊരു പ്രത്യേകതയുമില്ലാത്ത ഒരു സമർപ്പിത!!! ആകർഷകമായ ആകാരഭംഗിയോ അതിശയിപ്പിക്കുന്ന പ്രേഷിതപ്രവർത്തനങ്ങളോ സ്ഥാനമാനങ്ങളുടെ നീണ്ട ലിസ്റ്റോ ഇവളുടെ പ്രൊഫൈലിലില്ല. പ്രായം 67 കഴിഞ്ഞിരിക്കുന്നു.

എന്നിട്ടും എന്തു പ്രത്യേകതയാണ് ഇവൾക്കുള്ളത് എന്നാവും ചിന്തിക്കുന്നത്.... എന്റെയും നിന്റെയും ചിന്തകൾക്കു വെളിച്ചമേകാൻ ഈ സമർപ്പിതയുടെ ജീവിതത്തിലേക്കു കടന്നു ചെല്ലാം.

കർഷകകുടുംബത്തിലെ അപ്പന്റെയും അമ്മയുടെയും മൂന്നു പെൺമക്കളിൽ നടുവിലുള്ളവളാണ് കാതറിൻ. മൂന്നു പേരും ഒരേ സമർപ്പിതസമൂഹത്തിന്റെ ഭാഗമായി. മൂന്നു പേരുടെയും ജീവിതം സഹസന്ന്യാസിനികൾക്ക് നിസ്വാർത്ഥ സേവനത്തിന്റെ പ്രഭ തൂകി. കാതറിന്റെ കൊച്ചനുജത്തി മാരകരോഗം ബാധിച്ച് അതിതീവ്ര സഹനങ്ങളിലൂടെ കടന്ന് മുപ്പത്തിയാറാമത്തെ വയസ്സിൽ ഈ ലോകത്തോടു വിട പറഞ്ഞു; ഏതാനും വർഷങ്ങൾക്കുശേഷം കാതറിന്റെ ചേച്ചിയും മറ്റൊരു മാരകരോഗം ബാധിച്ച് സ്വർഗം പൂകി.

രണ്ടു പേരുടെയും വേർപാടിന്റെ നടുവിൽ കാതറിൻ തന്റെ ശുശ്രൂഷകൾ പരാതികൂടാതെ, പരിഭവമില്ലാതെ നിർവഹിച്ചു പോന്നു. ഇന്ന് കാതറിനും രോഗബാധിതയാണ്. മരണം വരെ ചികിത്സ തുടരേണ്ട രോഗത്തിന്റെ നടുവിലും സഹസന്ന്യാസിനികൾക്ക് അന്നമായി മാറുന്ന സന്തോഷവതിയായ സമർപ്പിത!!! ഒരുപാട് അംഗങ്ങളുള്ള ഒരു വലിയ മഠത്തിൽ ഭക്ഷണത്തിന്റെ ചുമതല വഹിക്കുന്നത് കാതറിനാണ്. വ്യത്യസ്ത പ്രായക്കാർ... വ്യത്യസ്ത അഭിരുചികൾ.... ആർക്കും ഒന്നിനും കുറവില്ലാതെ തന്റെ ശുശ്രൂഷ സംതൃപ്തിയോടെ നിർവഹിക്കുന്ന സമർപ്പിത!!! തന്റെ അനാരോഗ്യത്തെ അവഗണിച്ച് രോഗികളായ സഹസന്ന്യാസിനികളെ ശുശ്രൂഷിക്കുന്ന രോഗീശുശ്രൂഷക!!!


എത്രയോ വർഷങ്ങളായി ഈ ശുശ്രൂഷ നിർവഹിക്കാൻ തുടങ്ങിയിട്ട്.... പ്രേഷിതപ്രവർത്തനത്തിനും മറ്റുമായി പുറത്തുപോകുന്നവരുടെയും അകത്തുള്ളവരുടെയും ആവശ്യങ്ങൾ കണ്ടറിഞ്ഞ് നിർവഹിക്കുന്ന ഈ സമർപ്പിത തന്റെ തിരക്കുകൾക്കു നടുവിലും പ്രാർത്ഥനയ്ക്ക് അല്പം പോലും കുറവു വരുത്താറില്ല.

ഏറ്റവും എളിയ ജോലികൾ പരാതിയും പരിഭവവും കൂടാതെ വർഷങ്ങളായി ചെയ്യുന്ന ആ സഹോദരിയോടു ഞാൻ ചോദിച്ചു: "മടുത്തില്ലേ, വയ്യല്ലോ... എത്ര നാളായി ഇതുതന്നെ ചെയ്യാൻ തുടങ്ങിയിട്ട്?"

എനിക്കു മാത്രമല്ല, ഇതു വായിക്കുന്ന സുഹൃത്തേ, നിനക്കും പ്രചോദനം നല്കുന്നതാണ് കാതറിന്റെ മറുപടി: "എന്തു മടുപ്പ്? ഞാൻ പൂർണ തൃപ്തയാണ്. എന്റെ വിളിയിൽ ഞാൻ പൂർണ സന്തോഷവതിയാണ്".

സാധാരണജീവിതത്തിന്റെ അസാധാരണ സംതൃപ്തി!!!

പ്രിയ സുഹൃത്തേ, ഞാനും നീയുമൊക്കെ പല കാര്യങ്ങളിലും സംതൃപ്തി നഷ്ടപ്പെട്ടവരാകാം. പരാതികളും പരിഭവങ്ങളും വഴക്കും വൈരാഗ്യവുമൊക്കെ കാത്തു സൂക്ഷിക്കുന്നവരാകാം. സമ്പത്തിനും സ്ഥാനമാനങ്ങൾക്കും പിന്നാലെ നെട്ടോട്ടമോടുന്നവരാകാം.... സ്വന്തം നേട്ടങ്ങൾക്കുവേണ്ടി കുതിച്ചുപായുമ്പോൾ ഓർക്കുക, വയനാടിന്റെ നൊമ്പരങ്ങൾ!!! കിടന്നാൽ നേരം പുലർന്ന് എഴുന്നേല്ക്കാൻ പറ്റുമോ എന്നറിയാൻ പാടില്ലാത്ത അവസ്ഥയെ ഓർമ്മിപ്പിക്കുവാൻ, നമ്മുടെ പരാതികൾ അവസാനിപ്പിക്കുവാൻ, വയനാട്ടിൽനിന്നു ലഭിച്ച പരാതി പേപ്പറിന്റെ അടിയിൽ കുറിച്ചുവച്ച മെസ്സേജ് അച്ചടിച്ച അക്ഷരങ്ങളിലൂടെ ഒന്നുകൂടി വായിച്ചാലോ...



സാർ,
എനിക്ക് അവകാശപ്പെട്ടതും ഞാൻ വീടുകെട്ടി
കുടുംബ സമേതം താമസിക്കുന്നതുമായ വൈത്തിരി താലൂ
ക്ക് വെള്ളരിമല വില്ലേജിൽ ചൂരൽമല റീസർവ്വെ
218/24, 218/29 നമ്പറുകളിൽ പെട്ട 30.0700 ഹെക്ടർ
വസ്തുവിന്റെ പുറകുവശത്ത് പുഴ ഒഴുകുന്നുണ്ട്. 30 [illegible]
ത്തിൽ അധികമായി അലക്കാനും കുളിക്കാനുമായി
പുഴയിലേക്കു പോകുന്ന വഴി അയൽവാസിയായ [illegible]
[illegible]യും ഭാര്യ [illegible]യും മകൻ [illegible]നും ചേ
ർന്ന് വഴി കമ്പിവേലി കൊണ്ട് അടച്ചിരിക്കുകയാണ്.
എന്റെ സ്ഥലത്തെക്കൂടി കയറിയാണ് കമ്പിവേലി
ഇട്ടത്. മേൽകാര്യങ്ങൾ കാണിച്ച് വൈത്തിരി ത
ഹസിൽദാർക്ക് 14.10.2015 ന് പരാതി ബോധിപ്പിച്ചി
രുന്നു. എന്നാൽ ഇതുവരെ നടപടികൾ ഒന്നും
ഉണ്ടായിട്ടില്ല. എന്റെ ഭർത്താവ് 2 വർഷം മുമ്പ് മര
ണപ്പെട്ടു. ഞാൻ പ്രായമായ വിധവയാണ്. ഞാൻ തനിച്ചു താമസ
വുമാണ്. വഴിയുടെ കാര്യം പറയുമ്പോൾ [illegible]
വർ ഭീഷണിപ്പെടുത്തുകയും ചെയ്യുന്നു. മേൽകാര്യത്തി
ൽ വേണ്ടുന്ന നടപടികൾ സ്വീകരിച്ച് എനിക്ക് ദയവു
ണ്ടായി സങ്കട നിവൃത്തി വരുത്തി തരുവാൻ അപേക്ഷി
ക്കുന്നു.
എന്ന്.

"പട്ടാളത്തിന്റെ സാന്നിദ്ധ്യത്തിൽ വയനാട്ടിലെ ഉരുൾപൊട്ടിയ സ്ഥലങ്ങളിൽ തിരച്ചിൽ നടത്തുന്ന പ്രവർത്തകർക്ക് തകർന്ന അലമാരയുടെ ഷെൽഫിൽനിന്നു കിട്ടിയ ഒരു 'പരാതി' കടലാസാണ്.... വഴി തർക്കമാണ് വിഷയം. വേലിക്കല്ലുകൾ അടുത്ത പറമ്പുകാരന്റെ പറമ്പിലേക്ക് കയറ്റിവച്ചതൊക്കെയാണ് പരാതിയെന്ന് ഓടിച്ചുവായിച്ചപ്പോൾ മനസ്സിലായി. ആ പരാതിയിൽ പറഞ്ഞ ഇരുകൂട്ടരും ഇന്ന് മണ്ണിനടിയിലാണ്. പരിക്കു പറ്റാത്ത പരാതിമാത്രം ബാക്കിയായി...! തർക്കത്തിലുണ്ടായിരുന്ന വേലിക്കല്ലും ഇരു പറമ്പും ഒരു മൈതാനംപോലെയായിരിക്കുന്നു. വാശിയും വഴക്കും വൈരാഗ്യവും തർക്കവും ജീവിതത്തിന്റെ ഭാഗമായി കൊണ്ടുനടക്കുന്ന മനുഷ്യർക്ക് വയനാട് ദുരന്തഭൂമി ഒരു പാഠമാണ്...."

ആകയാൽ പ്രിയസുഹൃത്തേ, എനിക്കും നിനക്കും ജീവിക്കാൻ ഇന്നു പോലുമില്ല; ഈ നിമിഷം മാത്രമേയുള്ളൂ. ഈ നിമിഷത്തിൽ സന്തോഷത്തോടെ, സ്നേഹത്തോടെ ജീവിക്കാൻ പരിശ്രമിച്ചാലോ...?

പൗലോസ്ശ്ലീഹായോടു ചേർന്ന് ജീവിതത്തിലൂടെ നമുക്കും ആവർത്തിക്കാം: "ഏതു സാഹചര്യത്തിലും സംതൃപ്തിയോടെ കഴിയാൻ ഞാൻ പഠിച്ചിട്ടുണ്ട്. താഴ്ന്ന നിലയിൽ ജീവിക്കാൻ എനിക്കറിയാം; സമൃദ്ധിയിൽ ജീവിക്കാനും ഏതു സാഹചര്യത്തിലും കഴിയാനും എനിക്കു പരിശീലനം ലഭിച്ചിട്ടുണ്ട് - അതേ, സുഭിക്ഷത്തിലും ദുർഭിക്ഷത്തിലും സമൃദ്ധിയിലും ദാരിദ്ര്യത്തിലുമെല്ലാം. എന്നെ ശക്തനാക്കുന്നവനിലൂടെ എല്ലാം ചെയ്യാൻ എനിക്കു സാധിക്കും" (ഫിലി 4,11-13).




**പ**രിശുദ്ധ പിതാവ് ഫ്രാൻസിസ് മാർപാപ്പായുടെ 'ലൗദാത്തോ സി' (അങ്ങേയ്ക്കു സ്തുതി) എന്ന ചാക്രികലേഖനത്തിന്റെ അവസാന അധ്യായത്തിൽ എല്ലാവർക്കുമുണ്ടാകേണ്ട ചില അടിസ്ഥാന അവബോധത്തെക്കുറിച്ചും പുതിയ ആത്മീയതയെക്കുറിച്ചുമാണ് പങ്കുവയ്ക്കുന്നത്. അതിന്റെ ആദ്യ നാല് തലങ്ങളെക്കുറിച്ച് കഴിഞ്ഞ ലക്കം പ്രതിപാദിച്ചിരുന്നു.

**5. പൗരത്വപരവും രാഷ്ട്രീയപരവുമായ സ്നേഹം**

സാർവത്രികസാഹോദര്യത്തിന്റെ (universal fraternity) ശൈലിയാണ് നാം സ്വീകരിക്കേണ്ടത്. ദൈവം നമ്മുടെ പൊതുപിതാവാണ്; തന്മൂലം നാമെല്ലാവരും സഹോദരീസഹോദരന്മാരാണ്. സാഹോദര്യസ്നേഹം സൗജന്യമായി നൽകണം. മറ്റുള്ളവർ നമുക്കുവേണ്ടി ചെയ്ത ഉപകാരത്തിനുള്ള പ്രത്യുപകാരമായി ഈ സ്നേഹം മാറരുത്. നമുക്ക് എല്ലാവർക്കും പരസ്പരം ആവശ്യമുണ്ട്. അന്യരെയും ലോകത്തെയും സംബന്ധിച്ച് നമുക്ക് പങ്കുചേർന്നുള്ള ഒരു ഉത്തരവാദിത്വമുണ്ട് (shared responsibility) എന്ന ബോധ്യം ഉണ്ടാകേണ്ടതുണ്ട്. സ്നേഹത്തിന്റെ കുറുക്കുവഴികൾ നാം ശീലിക്കണം. ദയാപൂർണമായി ഒരു വാക്ക്, ചെറുപുഞ്ചിരി, സമാധാനവും സൗഹൃദവും വിതയ്ക്കുന്ന പ്രവൃത്തികൾ. പരസ്പരകരുതലിന്റെ (mutual care) പ്രവൃത്തികൾ പൗരത്വപരവും രാഷ്ട്രീയവും (civic and political) ആണ്. നമ്മുടെ നല്ല പ്രവൃത്തികൾ മെച്ചപ്പെട്ട രാഷ്ട്രത്തെയും സമൂഹത്തെയും സൃഷ്ടിക്കുന്നു. ഇത് 'സ്നേഹത്തിന്റെ നാഗരികത' (civilization of love) രൂപപ്പെടുത്തും.

**6. കൗദാശിക അടയാളങ്ങളും വിശ്രമത്തിന്റെ ആഘോഷവും**

ദൈവം പ്രപഞ്ചത്തെ പൂർണമായും നിറയ്ക്കുന്നതിനാൽ പ്രപഞ്ചവസ്തുക്കളിലെല്ലാം ഒരു മൗതികമായ അർത്ഥം (mystical meaning) കണ്ടെത്താനുണ്ട്. സൃഷ്ടവസ്തുക്കളിൽ ദൈവത്തെ കണ്ടുമുട്ടാൻ നാം പഠിക്കണം. ഓരോ ഉദാത്ത യാഥാർത്ഥ്യത്തിലും ദൈവമുണ്ട്. ലോകത്തിലെ പരിമേയവസ്തുക്കൾ യഥാർത്ഥത്തിൽ ദൈവമല്ല; ദൈവവും സർവ്വജീവികളും തമ്മിൽ ഗാഢമായ ഒരു മിസ്റ്റിക് ബന്ധം ഉണ്ട്.

നമ്മുടെ ദൈവാരാധനയിലൂടെ ലോകത്തെ മറ്റൊരു തലത്തിൽ പുൽകുവാൻ നാം ക്ഷണിക്കപ്പെട്ടിരിക്കുന്നു. ജലവും, തൈലവും, തീയും, നിറങ്ങളുമെല്ലാം പ്രതീകാത്മകമാണ്. മാമോ

ദീസായിൽ ശിശുവിന്റെ മേൽ ഒഴിക്കുന്ന ജലം പുതുജീവന്റെ അടയാളമാണ്. ദൈവത്തെ കണ്ടുമുട്ടുകയെന്നാൽ ഈ ലോകത്തിൽ നിന്ന് ഒളിച്ചോടുകയോ, പ്രകൃതിക്ക് പുറം തിരിഞ്ഞ് നിൽക്കുകയോ ചെയ്യുക എന്നല്ല; പ്രകൃതിയോടൊത്ത് ദൈവത്തെ സ്തുതിക്കുക, അവിടുത്തെ അനുഭവിക്കുക എന്നാണ്.

**7. പരിശുദ്ധ ത്രിത്വവും സൃഷ്ടികൾ തമ്മിലുള്ള ബന്ധവും**

പിതാവാണ് സർവ്വതിന്റെയും ആത്യന്തിക ഉറവിടം. പുത്രനിലൂടെ എല്ലാവസ്തുക്കളും സൃഷ്ടിക്കപ്പെട്ടു. പരിശുദ്ധാത്മാവ് പ്രപഞ്ചത്തിന്റെ നേർഹൃദയത്തിൽ ഗാഢമായി സന്നിഹിതനാണ്. മൂന്ന് ദൈവിക ആളുകളാൽ ലോകം സൃഷ്ടിക്കപ്പെട്ടു. അതിനാൽ "പ്രപഞ്ചത്തെ അതിന്റെ എല്ലാ ഗാംഭീര്യത്തിലും സൗന്ദര്യത്തിലും വിസ്മയപൂർവ്വം മനനം ചെയ്യുമ്പോൾ, ധ്യാനിക്കുമ്പോൾ ത്രിത്വത്തെ മുഴുവൻ നാം സ്തുതിക്കണം".

ദൈവിക ആളുകൾ പരസ്പരം ഉൾച്ചേർന്നിരിക്കുന്ന ബന്ധങ്ങളാണ് (subsistent relations). ദൈവിക മാതൃകയനുസരിച്ച് സൃഷ്ടിക്കപ്പെട്ടിരിക്കുന്ന ലോകവും ബന്ധങ്ങളുടെ ഒരു ശൃംഖലയാണ്. ദൈവവുമായും സഹസൃഷ്ടികളുമായും നാം ബന്ധം കാത്തുസൂക്ഷിക്കണം. എല്ലാവരോടുമുള്ള ഒരു കൂട്ടായ്മയിൽ നാം ആയിരിക്കണം.

**8. സകല സൃഷ്ടികളുടെയും രാജ്ഞി**

പരിശുദ്ധ അമ്മയായ മറിയം ഈശോയെ കരുതലോടെ പരിപാലിച്ച അമ്മയാണ്. മുറിവേറ്റ ലോകത്തോട് മാതൃസഹജമായ വാത്സല്യം കാണിക്കുന്നവളാണ് മറിയം. ഈശോയുടെ മരണത്തിൽ പരിശുദ്ധ അമ്മ വിലപിച്ചതുപോലെ അവഗണിക്കപ്പെട്ട, ദരിദ്രരായ, വേദനിക്കുന്ന ലോകത്തിലെ സൃഷ്ടികളെ കാണുമ്പോൾ ഇന്നും മറിയം വിലപിക്കുന്നു. പൂർണമായും രൂപാന്തരപ്പെട്ട, ഈശോയോടൊത്ത് ഇപ്പോൾ ആയിരിക്കുന്ന പരിശുദ്ധ മറിയത്തെക്കുറിച്ച് സകല സൃഷ്ടികളും പാടുന്നു. മറിയത്തിന്റെ കണ്ണുകളോടെ ചുറ്റുമുള്ളവയെ നാം നോക്കണം.

വിശുദ്ധ യൗസേപ്പിതാവും അദ്ധ്വാനത്തിന്റെയും കരുതലിന്റെയും ഉദാരതയുടെയും മനുഷ്യനാണ്. ദുഷ്ടരുടെ ആക്രമണത്തിൽനിന്ന് അമ്മയെയും കുഞ്ഞിനെയും വീണ്ടെടുത്ത് അവരെ സംരക്ഷിക്കുന്ന അപ്പനാണ് വി. യൗസേപ്പ്. നീതിമാനും കഠിനാധ്വാനിയും ദയാവായ്പുള്ളവനുമാണ് ഈ അപ്പൻ. ഇത് ദുർബലരുടെ അടയാളമല്ല; മറിച്ച് യാഥാർത്ഥ്യത്തെക്കുറിച്ച് പൂർണ അവബോധമുള്ളവരുടെയും സേവനം ചെയ്യാൻ സന്നദ്ധരായവരുടെയും അടയാളമാണ്. വി. യൗസേപ്പ് നമുക്ക് ഒരു പാഠപ്പുസ്തകമാണ്.

**9. സൂര്യനുമപ്പുറം**

നിത്യതയുടെ സാബത്തിലേക്ക്, നമ്മുടെ പൊതുഭവനത്തിലേക്ക് നാം ഓരോരുത്തരും യാത്ര ചെയ്യുകയാണ്. അവിടെ നമ്മൾ ദൈവത്തിന്റെ അനന്ത സൗന്ദര്യത്തെ മുഖാമുഖം കാണും. പ്രപഞ്ചത്തിന്റെ രഹസ്യം ആദരവോടും ആനന്ദത്തോടും കൂടെ നാം വായിക്കും. ഇവിടെ സ്ഥിതി ചെയ്യുന്ന എല്ലാ നന്മയും സ്വർഗീയവിരുന്നിലേക്ക് എടുക്കപ്പെടും. അതിനാൽ ഈ ഭവനത്തിന്റെ ഉത്തരവാദിത്വം നന്നായി നിർവ്വഹിച്ച്, സർവ്വസൃഷ്ടികളോടുമുള്ള ഐക്യത്തിൽ നാം ജീവിക്കണം. ദൈവം നമ്മെ ഒരിക്കലും കൈവിടുകയില്ല.

നമ്മുടെ ഭൂമിക്കുവേണ്ടിയുള്ള പ്രാർത്ഥന, സൃഷ്ടികളോടു ചേർന്ന് ഒരു ക്രൈസ്തവ പ്രാർത്ഥന എന്നീ രണ്ട് പ്രാർത്ഥനകളോടെ 'ലൗദാത്തോ സീ' അവസാനിപ്പിക്കുന്നു.

(അവസാനിച്ചു)



# ഇന്നുമുതൽ മരണംവരെ

**എലിസബത്ത് കണ്ടത്തിൽ**
**അപ്പസ്തോലിക് ഒബ്ലേറ്റ്സ്**

**വി**വാഹബന്ധം അവിഭാജ്യമാണ്. "ദൈവം യോജിപ്പിച്ചത് മനുഷ്യൻ വേർപെടുത്താതിരിക്കട്ടെ" (മത്താ 19,6) എന്ന ഈശോയുടെ വാക്കുകൾക്ക് എന്തു പ്രാധാന്യമാണ് ഇന്നു കൊടുക്കുന്നത്? തകർന്നുകൊണ്ടിരിക്കുന്ന അനേകം വിവാഹബന്ധങ്ങൾ നമുക്കുചുറ്റും കാണാൻ കഴിയും. കേരളത്തിൽ ക്രിസ്ത്യാനികളുടെ ഭവനങ്ങൾ ഒരു കാലത്ത് കെട്ടുറപ്പുള്ള കുടുംബങ്ങളായി എടുത്തുകാണിക്കാൻ കഴിയുമായിരുന്നു. എന്നാലിന്ന് ഭയാനകമായ അവസ്ഥയിലേക്ക് കാര്യങ്ങൾ മാറിമറിഞ്ഞിരിക്കുന്നു. പലരും വിവാഹജീവിതത്തിലേക്കു പ്രവേശിക്കുന്നതുതന്നെ ലാഘവബുദ്ധിയോടെയാണ്. കുടുംബജീവിതത്തിന്റെ പവിത്രതയും കൗദാശിക പ്രാധാന്യവും മനസ്സിലാക്കാതെ, ചിന്തിക്കാതെ പോകുന്നതാണ് ഇതിനു കാരണമെന്നും തോന്നുന്നു. ഒരു അടിപൊളി സംസ്കാരത്തിനു പുറമേ അമിതമായ ആഘോഷങ്ങളുടെയും ആഡംബരങ്ങളുടെയും പുറകെ പോകുന്നു. വിവാഹം ഒരു ആഘോഷം മാത്രമാക്കി മാറ്റുന്നു.

വിവാഹജീവിതത്തിന് ആത്മീയവും മാനസികവും ശാരീരികവുമായ നല്ല ഒരുക്കം ആവശ്യമാണ്. ഇന്ന് ഇതിൽ ഒത്തിരി കുറവു വരുന്നുണ്ട്. പെണ്ണുകാണൽ ചടങ്ങുമുതലേ ഈ ഒരുക്ക

ത്തിന്റെ കുറവു കാണുന്നുണ്ട്. തിരക്കേറിയ ജീവിതവ്യഗ്രതകൾക്കിടയിൽ എങ്ങനെയെങ്കിലും 'ഒപ്പിച്ചുകൂട്ടേണ്ട' ഒന്നല്ല വിവാഹം. വിവാഹത്തിനൊരുക്കമായുള്ള പ്രാർത്ഥന വേണ്ടത്ര ഇല്ലാതെ പോകുന്നു. വിവാഹ ഒരുക്ക സെമിനാറുകളൊക്കെ രൂപതാതലത്തിൽ നടത്തുന്നുണ്ടെങ്കിലും തിരക്കിട്ടുവന്നു കർമ്മം തീർക്കുവാൻ വേണ്ടി മാത്രം അതിൽ സംബന്ധിക്കുന്നവരാണ് അധികവും. പിന്നീട് അവിടെ കേട്ട കാര്യങ്ങളെപ്പറ്റി ചിന്തിക്കുന്നില്ല. പല കാര്യങ്ങളിലും ദൈവസന്നിധിയിൽ ഒരുമിച്ചിരുന്നുള്ള ആലോചനയില്ലാതെ പോകുന്നു. വിവാഹത്തിന്റെ ആഘോഷങ്ങൾ തീരുന്നതിനു മുമ്പുതന്നെ ചുരുങ്ങിയ നാളുകൾക്കുള്ളിൽ നിസ്സാരകാര്യങ്ങൾക്കൊണ്ട് കുടുംബജീവിതം താറുമാറാക്കുന്നവരുണ്ട്. ജീവിതത്തിലുണ്ടാകുന്ന നിസ്സാരസഹനങ്ങളെപ്പോലും സ്വീകരിക്കുവാൻ പലർക്കും കഴിയാതെ പോകുന്നു.

നിസ്വാർത്ഥതയോടെ സ്നേഹിച്ചും ശുശ്രൂഷിച്ചും പരസ്പരം അംഗീകരിച്ചും കുടുംബത്തോടുള്ള ഉത്തരവാദിത്വം നിറവേറ്റി, കുഞ്ഞുങ്ങൾക്കു സന്മാതൃകയും ധാർമ്മികബോധവും നൽകി ജീവിക്കുവാനാണ് ദൈവം ദാമ്പത്യജീവിതത്തിലേക്കു വ്യക്തികളെ വിളിക്കുന്നത്. ദമ്പതികളെ സംബന്ധിച്ചിടത്തോളം നല്ല കുടുംബജീവിതം നയിക്കുന്നതാണ് അവരുടെ വിശുദ്ധീകരണത്തിനുള്ള വിളി. ഈശോ വിവാഹജീവിതത്തെ ഒരിക്കലും അപലപിച്ചിട്ടില്ല. വിവാഹജീവിതം നയിക്കുന്ന വ്യക്തി കന്യാവ്രതം നയിക്കുന്ന ആളിനേക്കാൾ ഒട്ടു കുറവുള്ള വ്യക്തിയല്ല. ഹെബ്രാ 13,4 ൽ പറയുന്നു: "എല്ലാവരുടെയിടയിലും വിവാഹം മാന്യമായി കരുതപ്പെടട്ടെ". പൗലോസ്ശ്ലീഹാ പറയുന്നതുപോലെ വിവാഹജീവിതമോ സന്ന്യസ്തജീവിതമോ ഏതായാലും ഓരോരുത്തരും ദൈവത്തിന്റെ നിയോഗവും വിളിയും അനുസരിച്ചുള്ള ജീവിതമാണ് നയിക്കേണ്ടത് (1 കൊറി 7,17).

## ദൈവദാസൻ വില്യം ജക്വീൻതാ പിതാവിനോടുള്ള മദ്ധ്യസ്ഥ പ്രാർത്ഥന

സ്നേഹം തന്നെയായ ദൈവമേ/സകല നന്മകളുടേയും ദാതാവായ പിതാവേ/രക്ഷകനായ മിശിഹായേ/വിശുദ്ധിയുടെ അരൂപിയേ/മനുഷ്യകുലത്തോടുള്ള അവിടുത്തെ അനന്തമായ സ്നേഹത്താൽ/വിശുദ്ധിയിലേക്കുള്ള ക്ഷണം അങ്ങ് നിരന്തരം ആവർത്തിച്ചുകൊണ്ടിരിക്കുന്നുവല്ലോ./അവിടുത്തെ ദാനങ്ങൾ/ദൈവദാസനായ വില്യം ജക്വീന്താ പിതാവിൽ വിളങ്ങി പ്രശോഭിക്കുവാൻ ഇടയാക്കിയതിനെ ഓർത്ത്/ഞങ്ങൾ അങ്ങേയ്ക്കു നന്ദി പറയുന്നു./അദ്ദേഹം അവിടുത്തെ പുത്രന്റെ അളവറ്റ സ്നേഹം ധ്യാനിക്കുകയും/വിശുദ്ധിയിലേക്കുള്ള സാർവ്വത്രിക വിളിയുടെ അക്ഷീണ പ്രേഷിതനാവുകയും ചെയ്തുവല്ലോ./അങ്ങ് തിരുമനസ്സാകുന്നുവെങ്കിൽ/അദ്ദേഹത്തിൽ അവിടുത്തെ മഹത്ത്വം വെളിപ്പെടുത്തണമെന്നും അദ്ദേഹത്തിന്റെ മാദ്ധ്യസ്ഥ്യം വഴിയായി ഞങ്ങൾ അപേക്ഷിക്കുന്ന ഈ കൃപ/....................ഞങ്ങൾക്കു നൽകണമെന്നും അങ്ങയോടു ഞങ്ങൾ അപേക്ഷിക്കുന്നു. ആമ്മേൻ.

**പ്രാർത്ഥന ആവശ്യപ്പെടാനും ലഭിച്ച അനുഗ്രഹങ്ങൾ സാക്ഷ്യപ്പെടുത്താനും അന്വേഷണങ്ങൾക്കും**

**Apostolic Oblates**
Spirituality Centre,
Manganam P.O.,
Kottayam - 686 018
Ph: 9497588192


# പ്രത്യാശയുടെ നിറക്കൂട്ട്....

**മിനി വന്യംപറമ്പിൽ**
**അപ്പസ്തോലിക് ഒബ്ലേറ്റ്സ്**

**"ഹോ** എന്തൊരു ചൂട്, പൊള്ളുന്ന ചൂട്...". രാജിയുടെ സംഭാഷണത്തിനു മറുപടിയായി സ്മിത പറഞ്ഞു: "ഉച്ചയ്ക്കു സൂര്യനു ചൂടു കൂടുതലാണെന്ന് അറിയില്ലേ, മനുഷ്യന് എപ്പോഴും പരാതികളേ ഉള്ളൂ. മഴയാണെങ്കിൽ പറയും എന്തൊരു മഴ.... ദൈവം ഇതെല്ലാം കേട്ട് ചിരിക്കുവോ ആവോ?". നീനു അതിനു മറുപടിയായി പറഞ്ഞു: "മനുഷ്യനു നന്മയായതാണ് ദൈവം ചെയ്യുന്നത്. ദൈവത്തിന്റെ പദ്ധതിക്കെതിരായി മനുഷ്യൻ ഓരോന്നും ചെയ്യുമ്പോൾ അവനവന്റെതന്നെ നാശമാണ് വിതയ്ക്കുന്നത് എന്ന് അവനറിയുന്നില്ല". തുടർന്നുള്ള ഞങ്ങളുടെ സംഭാഷണത്തിനിടയിൽ സൂര്യന്റെ ചൂടൊക്കെ ഞങ്ങൾ മറന്നു!

മനുവിന്റെ വീടെത്തിയപ്പോൾ ഞാൻ അവരോടു പറഞ്ഞു: "നിങ്ങൾ നടന്നോളൂ... ഞാൻ ഇവിടെ ഒന്നു കയറുകയാണ്. മനുവിന്റെ മാതാപിതാക്കളെ ഒന്നു കാണണം. അവർ നടന്നകന്നു. കോളിംഗ് ബെൽ അടിച്ചപ്പോൾ, ഹോം നഴ്സായിരിക്കാം, വന്നു വാതിൽ തുറന്നു. "മനുവിന്റെ മാതാപിതാക്കളെ ഒന്നു കാണാൻ വന്നതാണ്" ഞാൻ വന്ന കാര്യം പറഞ്ഞു. "അവരിവിടെ ഇല്ല, പുറത്തുപോയിരിക്കുകയാണ്". "അപ്പോ, ... മനു ഉണ്ടോ"? "മനുവുമില്ല. കുറച്ചുമുമ്പ് ഒരു കൂട്ടുകാരൻ വന്നു കൊണ്ടുപോയി".

"ആരാത്?..." ഞങ്ങളുടെ സംസാരം കേട്ട് അകത്തുനിന്ന് വല്യമ്മച്ചിയുടെ പതിഞ്ഞ സ്വരം... ഓ... വല്യമ്മച്ചി ഉണ്ടല്ലോ ഒന്നു കണ്ടിട്ടു പോകാം എന്നു വിചാരിച്ച് ഞാൻ അകത്തേക്കു കടന്നു. പുഞ്ചിരിച്ച മുഖവുമായി എന്നെ സ്വീകരിച്ച വല്യമ്മച്ചിയോടു ഞാൻ കുശലാന്വേഷണം നടത്തി: "എന്തുണ്ട് വിശേഷങ്ങൾ അമ്മച്ചീ...?"



"ആ, നല്ല വിശേഷം മക്കളേ, ഇനി തമ്പുരാന്റെ പക്കലേക്കു സമാധാനമായി പോകണം, അതിനായി മക്കളു പ്രാർത്ഥിച്ചാൽ മതി. എനിക്കിനി വേറൊന്നുമില്ല കുഞ്ഞേ, ഇതുവരെ എല്ലാം നന്നായി ചെയ്യാൻ ശ്രമിച്ചു". ഉള്ളുനിറഞ്ഞ സംതൃപ്തി ആ മുഖത്തു കാണാമായിരുന്നു. മോണകാട്ടി മനോഹരമായി ചിരിച്ചുകൊണ്ടു വല്യമ്മച്ചി തുടർന്നു: "മോളേ, സ്വർഗത്തിൽ പോകണമെന്ന ചിന്തയോടെ ഓരോ കാര്യവും ചെയ്താൽ നാം പാപം ചെയ്യില്ല. ഓരോ ജോലിയും ചെയ്യുമ്പോൾ ഈശോയുടെ സ്തുതിക്കായി ചെയ്യണമെന്നാണ് എന്റെ അമ്മ എന്നെ പഠിപ്പിച്ചത്. വേദനയും രോഗവുമൊക്ക വരുമ്പോൾ ഈശോയുടെ കുരിശിനോടു ചേർത്തുവയ്ക്കുക, ഒത്തിരി ബുദ്ധിമുട്ടുള്ള ജോലിചെയ്യുമ്പോൾ ഈശോയേ, എന്നെ സഹായിക്കണേ, എന്റെ കൂടെ വരണേ എന്നു പറഞ്ഞാൽ അതു വളരെ എളുപ്പമായി തീരും. ഇങ്ങനെയൊക്കെ പഠിപ്പിച്ചതിനാൽ ജീവിതത്തിൽ എനിക്കു നിരാശയോ വിഷമമോ തോന്നിയിട്ടില്ല".

“മനുക്കുട്ടന്റെ അമ്മയും അപ്പായും ഇവിടില്ലേ?” ഇടയ്ക്കു കയറി ഞാൻ ചോദിച്ചു. “ഇല്ല, ആ.. എന്തോ പരിപാടി ഉണ്ടെന്നു പറഞ്ഞാ പോയേ...” ഞാൻ ചെന്നതിന്റെ ലക്ഷ്യം മനസിലാക്കിയെന്ന വണ്ണം അമ്മച്ചി പറഞ്ഞു: “എന്റെ കുഞ്ഞേ എനിക്കൊരു സങ്കടമുണ്ട്”. ഞാൻ അമ്മയുടെ കൈയിൽ പിടിച്ചുകൊണ്ടു ചോദിച്ചു: “എന്താ അമ്മച്ചി?...”

“മനുക്കുട്ടൻ... അവനിപ്പോൾ പഠിക്കുന്നില്ല, പ്രാർത്ഥിക്കുന്നുമില്ല... എന്നോടൊന്നും മിണ്ടൂല... മൊബൈലുകൊണ്ട് ഒരേയൊരു ഇരിപ്പ്! എന്താ ചെയ്യാ... ആർക്കറിയാം... അല്ലെങ്കിൽ കൂട്ടുകാരന്റെ കൂടെ ബൈക്കിൽ പോകും. എവിടേക്കാണോ ആവോ?... ഈ കുന്ത്രാണ്ടമൊന്നും നമ്മുടെ കാലത്തില്ലാതിരുന്നത് നന്നായി. വീട്ടിലെ ജോലിയും പഠനവും കൂട്ടുകാർ കൂടിയുള്ള കളികളും പള്ളിയിലേക്കും സ്കൂളിലേക്കും ഒന്നിച്ചുള്ള പോക്കും വരവും ഒക്കെ എത്ര രസമായിരുന്നു!...”

അമ്മച്ചിയുടെ മധുരസ്മരണകൾക്കു വിരാമിട്ടുകൊണ്ട് ഞാൻ പറഞ്ഞു: “രണ്ടു മൂന്നാഴ്ചകളായി മനു സൺഡേ ക്ലാസ്സിൽ വരുന്നില്ല. അതൊന്ന് അന്വേഷിക്കാം, മാതാപിതാക്കളെ ഒന്നു കാണാമെന്നും കരുതിയാണ് ഞാൻ വന്നത്”.

“ഓ... അവർ ജോലി കഴിഞ്ഞെത്തുമ്പോഴേക്കും ഏറെ വൈകും. പിന്നെ വീട്ടിലെ കാര്യങ്ങളൊക്കെയായി ദിവസം തീരും. അവന്റെ കാര്യമൊട്ട് അന്വേഷിക്കാറുമില്ല. അവർക്കൊട്ടു നേരവുമില്ല...” അമ്മച്ചിയുടെ പരാതിയും പരിഭവവും മുഖത്തും തെളിഞ്ഞു....

മനുക്കുട്ടന്റെ കാര്യം പറഞ്ഞ് അമ്മച്ചിയുടെ മനസ്സ് വീണ്ടും വേദനിപ്പിക്കാതെയും രക്ഷാകർത്താക്കളെ കാണാൻ പറ്റാത്തതിലുള്ള ഖേദത്തോടെയും കുറച്ചുസമയം കഴിഞ്ഞ് ഞാൻ അവിടെ നിന്നിറങ്ങി. ദൈവത്തോടു ചേർന്ന് എല്ലാം ചെയ്യുന്ന അമ്മച്ചിയുടെ മനോഭാവം വളരെ സ്വീകാര്യമായി എനിക്കനുഭവപ്പെട്ടു. ഇത്രയും നല്ല ഒരു വല്യമ്മച്ചിയുണ്ടായിട്ടാണോ മനുവിന്റെ ഈ പരിതാപാവസ്ഥ എന്ന് ചിന്തിച്ചുപോയി. ആധുനികതയുടെ അതിപ്രസരം ഇന്ന് മനുഷ്യകുലത്തെ വല്ലാതെ തച്ചുടയ്ക്കുന്നു. മാതാപിതാക്കൾ അവരുടേതായ കാര്യവുമായി പോയാൽ മതിയോ? മക്കളെക്കുറിച്ച് താല്പര്യമില്ലാത്ത ഒരു ലോകമോ? അതുകൊണ്ടുതന്നെയാണ് പ്രായം ചെന്നവരെ നോക്കാൻ മക്കൾക്കും കഴിയാതെ പോകുന്നത്. കുഞ്ഞുങ്ങളെ അടുത്തറിയാൻ അവരുടെ അടുത്തിരിക്കണം. എങ്കിലേ അവരിലെ മാറ്റങ്ങൾ മനസിലാക്കാൻ സാധിക്കൂ. മക്കളുടെ ഉള്ളറിയണമെങ്കിൽ അവരെ ഉള്ളോടു ചേർത്തുപിടിക്കണം. ഇതിനായി സമയം കണ്ടെത്താൻ കഴിയാത്ത മാതാപിതാക്കളുടെ മക്കൾ വഴിതെറ്റിയാൽ ആരാണ് ഉത്തരവാദി? പരക്കംപാഞ്ഞ് സമ്പാദിക്കുന്നത് ആർക്കുവേണ്ടി? തങ്ങൾക്കുവേണ്ടി ജീവനും ജീവിതവും മാതാപിതാക്കൾ തന്നു എന്ന അനുഭവം മക്കളിൽ ഉണ്ടായാൽ ഒരുപരിധിവരെ മക്കൾ നല്ല വഴിയേ ചരിക്കും. എല്ലാറ്റിലുമുപരി അവരുടെ ജീവിതത്തിൽ പ്രഥമസ്ഥാനം ദൈവത്തിനുകൊടുക്കണം എന്ന ബോധ്യം അവരിൽ ജനിപ്പിക്കണം.

എത്രയൊക്കെ ജീവിതാനുഭവങ്ങളിലൂടെ കടന്നുപോയാലും മനുഷ്യൻ പലതും മനസിലാക്കാതെ പോകുന്നു... ജീവിതാനുഭവങ്ങൾ നല്ല പാഠങ്ങളായി രൂപപ്പെടണം. കുടുംബാനുഭവം പ്രദാനം ചെയ്യത്തക്കവിധമുള്ള സ്നേഹത്തിന്റെ, കരുതലിന്റെ, വാത്സല്യത്തിന്റെ, സാഹോദര്യ ബന്ധങ്ങളുടെ ഒരു നിറക്കൂട്ട് ജീവിതാനുഭവങ്ങളിലൂടെ മാറ്റുരയ്ക്കപ്പെടണം. അപ്പോൾ കുടുംബജീവിതം സ്വർഗതുല്യമാവും.

മറ്റു മനുഷ്യരിൽനിന്നെല്ലാം ഒരു ക്രൈസ്തവനെ വ്യതിരിക്തനാക്കുന്നത് അവന്റെ ക്രിസ്തീയ വിശ്വാസജീവിതമാണ് – മിശിഹായുടെ ഉത്ഥാനത്തിലുള്ള ജീവിതം. അതായത് നിത്യരക്ഷയിലുള്ള, നിത്യതയിലുള്ള ജീവിതം. ഈയൊരു പ്രത്യാശയാണ് മനുഷ്യജീവിതത്തെ അനുദിനം ശക്തിപ്പെടുത്തുന്നതും പ്രകാശപൂരിതമാക്കുന്നതും. ‘സ്വർഗത്തെ ലക്ഷ്യമാക്കി, ഈശോയെ കൂട്ടുപിടിച്ച് യാത്രചെയ്താൽ തീർച്ചയായും സ്വർഗപ്രാപ്തി കൈവരിക്കാം.’ ഉള്ളിൽ മുഴങ്ങുന്ന അമ്മച്ചിയുടെ ഈ വാക്കുകൾ എന്റെ ഓർമ്മയിൽനിന്നും മറയാതിരിക്കട്ടെ!



# ദൂരെയെറിയുക

പ്രിൻസി മൈലാടിയിൽ
അപ്പസ്തോലിക് ഒബ്ലേറ്റ്സ്

***"നിങ്ങൾ കർത്താവായ ഈശോമിശിഹായെ ധരിക്കുവിൻ"***

**(റോമാ 13,14).**

**ചെ**ങ്കടലിനു മീതേ തന്റെ വടി നീട്ടിക്കൊണ്ട് മോശ ഇസ്രായേൽ ജനത്തിന് കടലിന്റെ നടുവിലൂടെ വഴി കാട്ടിയതുപോലെ, സ്ലീവാ വഴിയായി മിശിഹാ മർത്യകുലത്തിന് പറുദീസായിലേക്കു വഴികാട്ടിത്തന്നു. ഇതാണ് ഏലിയാ-സ്ലീവാ-മൂശെ കാലത്തിന്റെ അന്തഃസത്തയും ആന്തരികതയും.

"ഞാൻ നിങ്ങളോടു പറയുന്നു: എന്തു ഭക്ഷിക്കും, എന്തു പാനം ചെയ്യും എന്നു ജീവനെക്കുറിച്ചോ എന്തു ധരിക്കും എന്നു ശരീരത്തെക്കുറിച്ചോ നിങ്ങൾ ഉത്കണ്ഠാകുലരാകേണ്ടാ. ഭക്ഷണത്തെക്കാൾ ജീവനും വസ്ത്രത്തെക്കാൾ ശരീരവും ശ്രേഷ്ഠമല്ലേ?" (മത്താ 6,25).

വസ്ത്രങ്ങളും ആഘോഷശൈലികളുമൊക്കെ വിവിധ സാഹചര്യങ്ങൾക്കനുസരിച്ച് മാറുന്ന ആധുനിക ലോകത്തിലാണ് നാം ജീവിക്കുന്നത്. ആവശ്യങ്ങളും അനാവശ്യങ്ങളും ആർഭാടങ്ങളും തമ്മിൽ വേർതിരിച്ചറിയാത്തവിധമുള്ള ആഘോഷങ്ങൾ പലതും നമുക്കു ചുറ്റും നടക്കുന്നുണ്ട്.

കിർസിദ എന്ന പെൺകുട്ടിയുടെ കാര്യം ഓർമ്മയിൽ വരുന്നു... വിശ്വപ്രസിദ്ധ ഫാഷൻ ഡിസൈനറും എഴുത്തുകാരിയുമായിരുന്ന, കിർസിദ റോഡ്രിഗസ് (Kyrzaida Rodriguez, 40) കാൻസർ വന്നു മരിക്കുന്നതിനു മുമ്പെഴുതിയ ഒരു കുറിപ്പ് സാമൂഹ്യ മാധ്യമങ്ങളിൽ വൈറലാണ്. അവൾ തന്റെ ഇൻസ്റ്റഗ്രാം സുഹൃത്തുക്കൾക്ക് ഇങ്ങനെ എഴുതി.

"ലോകത്തിലെ ഏറ്റവും വിലയേറിയ ബ്രാൻഡ് കാർ എന്റെ ഗാരേജിലുണ്ട്. പക്ഷേ ഞാനിപ്പോൾ വീൽചെയറിലാണ് യാത്ര ചെയ്യുന്നത്. എന്റെ വീട്ടിൽ എല്ലാത്തരം ഡിസൈൻ വസ്ത്രങ്ങളും ചെരിപ്പുകളും ബാഗുകളുമുണ്ട്. പക്ഷേ ആശുപത്രി നൽകിയ ചെറിയ ഷീറ്റിൽ എന്റെ ശരീരം പൊതിഞ്ഞിരിക്കുന്നു. ബാങ്കിൽ ആവശ്യത്തിന് പണമുണ്ട്. എന്നാൽ ആ പണം

ഇപ്പോൾ എനിക്ക് പ്രയോജനപ്പെടുന്നില്ല. എന്റെ വീട് ഒരു കൊട്ടാരം പോലെയാണ്. എന്നാൽ, ഇപ്പോൾ ഞാൻ ആശുപത്രി കിടക്കയിലാണ്. ഒരു പഞ്ചനക്ഷത്ര ഹോട്ടലിൽനിന്ന് മറ്റൊരു പഞ്ചനക്ഷത്ര ഹോട്ടലിലേക്കായിരുന്നു എന്റെ പല യാത്രകളും. എന്നാലിപ്പോൾ ഒരു ലാബിൽ നിന്ന് മറ്റൊരു ലാബിലേക്ക്. എന്റെ മുടി അലങ്കരിക്കുവാൻ എനിക്ക് ഏഴ് ബ്യൂട്ടീഷ്യന്മാരുണ്ടായിരുന്നു. ഇന്ന് എന്റെ തലയിൽ ഒരു മുടി പോലുമില്ല. എന്റെ സ്വകാര്യ ജെറ്റിൽ ഞാൻ ഇഷ്ടമുള്ളിടത്തേക്കു പറക്കുമായിരുന്നു. ഇപ്പോൾ ഒന്നു നടക്കാൻ രണ്ടുപേരുടെ സഹായം വേണം. ധാരാളം ഭക്ഷണസാധനങ്ങൾ വാങ്ങാമെങ്കിലും എന്റെ ഇപ്പോഴത്തെ ഭക്ഷണം ഒരു ദിവസം രണ്ടു ഗുളികകളും, രാത്രിയിൽ കുറച്ച് ഉപ്പുതുള്ളികളുമാണ്. എന്റെ ആഢംബര കാർ, നിരവധി ബാങ്ക് അക്കൗണ്ടുകൾ, എന്റെ ജെറ്റ്, എന്റെ അന്തസ്സ്, പ്രശസ്തി... ഒന്നും എനിക്ക് പ്രയോജനപ്പെടുന്നില്ല...." സെപ്റ്റംബർ ഒമ്പതിന് അവളുടെ ആറാം ചരമവാർഷികമാണ്.

ക്ഷണഭംഗുരമായ ഈ ലോക ജീവിതം....

അതെ, ഈ ലോകത്തിലെ എന്റെ സമ്പാദ്യമോ, പ്രൗഢിയോ ഒന്നുമല്ല, സ്വർഗരാജ്യ പ്രവേശനത്തിനായി ഞാൻ ഈ ലോക ജീവിതത്തിൽ എന്ത് സമ്പാദിച്ചു, മിശിഹായെ ജീവിതത്തിൽ ധരിച്ചോ എന്നതാണ് പ്രാധാന്യമർഹിക്കുന്ന കാര്യം. കർത്താവായ മിശിഹായെ ധരിക്കുവാൻ - പ്രകാശത്തിന്റെ ആയുധങ്ങൾ ധരിക്കുവാൻ വിശുദ്ധ പൗലോസ്ശ്ലീഹാ നമ്മെ ഓർമിപ്പിക്കുന്നു. പ്രകാശത്തിന്റെ ആയുധങ്ങൾ സത്പ്രവർത്തികളാണ്, പുണ്യങ്ങളാണ്. നമ്മുടെ ജീവിതമാകുന്ന വയലുകളിൽ നിന്ന് നൂറുമേനി നന്മകൾ കൊയ്യാനാണ് നാം പരിശ്രമിക്കേണ്ടത്. ഇപ്രകാരം നൂറുമേനി വിളവു ശേഖരിക്കുവാൻ ജീവിതവയലുകളെ ഒരുക്കേണ്ടതുണ്ട്. അത് എപ്രകാരം സാധിക്കും?

പ്രതിസന്ധികളും ബുദ്ധിമുട്ടുകളും നിറഞ്ഞ ജീവിതത്തെ ദൈവകൃപ കൊണ്ട്, ദൈവവരപ്രസാദം കൊണ്ട് നിറയ്ക്കണം. ഇതിന് നമ്മെ സഹായിക്കുന്ന പുണ്യമാണ്, ഉന്നതമായ മനോഭാവമാണ് ദൈവവിശ്വാസം. വിശുദ്ധഗ്രന്ഥത്തിലെ കാനാൻകാരി സ്ത്രീയുടെ ദൈവവിശ്വാസം ജീവിതപ്രതിസന്ധികളെ മറികടന്ന് അതുവഴി അത്ഭുതങ്ങൾക്ക് സാക്ഷ്യം വഹിക്കുവാൻ നമ്മെ ക്ഷണിക്കുന്നു.

നൂറുമേനി വിളവു ശേഖരിക്കുവാൻ കർഷകൻ തന്റെ വയലിൽ രാവും പകലും ഒരു മടിയും കൂടാതെ അധ്വാനിക്കുന്നു. അതിനാൽ, ദൈവരാജ്യത്തിലേക്കായി വിളവു ശേഖരിക്കുവാൻ സ്ഥിരത എന്ന പുണ്യംകൂടി നാം അഭ്യസിക്കേണ്ടതുണ്ട്. ശാരീരിക ആരോഗ്യം നിലനിർത്തുവാൻ ദിവസവും, സ്ഥിരതയോടെ, പല തരത്തിലുള്ള വ്യായാമങ്ങൾ ഒരു മടിയും കൂടാതെ നിർവഹിക്കുന്നവരാണ് നമ്മൾ. മിശിഹായെ ധരിക്കാനായി, ദൈവരാജ്യപ്രവേശനത്തിനായി, സ്ഥിരതയോടെ ചെയ്യേണ്ട ധാരാളം കാര്യങ്ങൾ ഇല്ലേ?

പരിശുദ്ധ കുർബാനയിലുള്ള ഭാഗഭാഗിത്വം, വിശുദ്ധഗ്രന്ഥ വായന, കുടുംബത്തിലെ സന്ധ്യാപ്രാർത്ഥന.... ഇവയിലെല്ലാം അല്പം കൂടി സ്ഥിരത നമുക്ക് വളർത്തിയെടുത്താലോ? ഇവയൊന്നുമില്ലാത്ത ഒരു ദിനം പോലും എന്റെ ജീവിതത്തിൽ ഉണ്ടാവരുത് എന്ന ആഗ്രഹവും പരിശ്രമവും ഉണ്ടായിരിക്കണം. സാധിക്കില്ലേ...?

പ്രിയപ്പെട്ടവരേ, വിശ്വാസം, സ്ഥിരത എന്നീ പുണ്യങ്ങളുടെ അഭ്യസനത്തിലൂടെ മിശിഹായെ ധരിക്കുവാൻ - മറ്റൊരു മിശിഹായാകുവാനുള്ള - പ്രചോദനമാണ് ഈ കാലം നമുക്ക് നൽകുന്നത്. രക്ഷയുടെയും പ്രതീക്ഷയുടെയും പ്രതീകമായ സ്ലീവായെ മനസ്സിൽ ധ്യാനിച്ച് ഈ പുണ്യകാലം അനുഗ്രഹപ്രദമാക്കുവാൻ ദൈവം നമ്മെ സഹായിക്കട്ടെ



# യോറാം

**ഷിജി പറപ്പള്ളിയാത്ത്**
**അപ്പസ്തോലിക് ഒബ്ലേറ്റ്സ്**

**ആ**ഹാബിന്റെ മകൻ യോറാം യഹോഷാഫാത്തിന്റെ പുത്രൻ യഹോറാമിന്റെ രണ്ടാം ഭരണവർഷത്തിൽ രാജാവായി. ജെസെബെൽ ആയിരുന്നു യോറാമിന്റെ അമ്മ. പന്ത്രണ്ടു വർഷം അവൻ ഇസ്രായേലിനെ ഭരിച്ചു. പിതാവുണ്ടാക്കിയ ബാൽസ്തംഭം എടുത്തുകളഞ്ഞെങ്കിലും അവൻ കർത്താവിന്റെ മുമ്പിൽ തിന്മ പ്രവർത്തിച്ചു. മതപരമായ ബോധ്യങ്ങളില്ലാത്ത ജെസെബെൽ രാജ്ഞിയുടെ ആജ്ഞാനുവർത്തിയായി ഭരണം നടത്തിയതിനാൽ യോറാം വിലകുറഞ്ഞ നേതൃത്വമാണ് കാഴ്ചവച്ചത്. അയാൾ നീക്കം ചെയ്ത ബാൽസ്തംഭം ജെസെബെൽ പുനഃസ്ഥാപിക്കുകയും അതിന്റെ സംരക്ഷണം ഏറ്റെടുക്കുകയും ചെയ്തു. തുടർന്ന് അവർ തമ്മിലൊരു ഒത്തുതീർപ്പുണ്ടായി. യോറാം ബാൽദേവനെ പരസ്യമായി തള്ളിപ്പറഞ്ഞു. എന്നാൽ ഉള്ളിന്റെയുള്ളിൽ രഹസ്യമായി ആരാധിച്ചു. അത് അവന്റെ പതനത്തിന് കാരണമായി.

ആഹാബ് രാജാവിന്റെ മരണത്തോടെ മൊവാബിലെ രാജാവ് ഇസ്രായേൽക്കാരുമായി മുമ്പുണ്ടായിരുന്ന സഖ്യം മറന്ന് യോറാമിനോട് കലഹിച്ചു തുടങ്ങി. യോറാം സഹായത്തിനായി യൂദാരാജാവിനെയും ഏദോംരാജാവിനെയും സഖ്യം ചേർത്ത് യുദ്ധത്തിനു പുറപ്പെട്ടു. വളഞ്ഞ വഴിക്കുള്ള ഏഴുദിവസത്തെ യാത്രകഴിഞ്ഞപ്പോൾ സൈന്യവും മൃഗങ്ങളും വെള്ളം ലഭിക്കാതെ വലഞ്ഞു. വളഞ്ഞ പാതകൾ ദുരിതത്തിന്റെയും കഷ്ടതയുടെയും മാർഗമാണെന്ന് ഇന്നും അറിഞ്ഞുകൂടാത്തവർ ഏറെയില്ലേ...? മൂന്നു രാജാക്കന്മാരും മൊവാബ്യരുടെ കൈകളിൽ അകപ്പെടുമോയെന്ന് ഭയന്ന് യോറാം പരിതപിച്ചു തുടങ്ങി. എന്നാൽ യൂദാരാജാവായ യഹോഷാഫാത്തിന്റെ നിർദ്ദേശപ്രകാരം അവർ കർത്താവിന്റെ പ്രവാചകനായ ഏലീഷായെ സമീപിക്കുന്നു. പ്രവാചകൻ ആദ്യം യോറാമിനെ പരിഗണിക്കുന്നില്ലെങ്കിലും, യഹോഷാഫാത്തിനെപ്രതി സഹായം നല്കുന്നു. പ്രവാചകൻ ഇങ്ങനെ പറഞ്ഞുതുടങ്ങി. "കർത്താവരുളിച്ചെയ്യുന്നു, ഈ വരണ്ട അരുവിത്തടം കുളങ്ങൾ കൊണ്ട് ഞാൻ നിറയ്ക്കും. കാറ്റോ മഴയോ ഉണ്ടാവുകയില്ല; അരുവിത്തടം ജലംകൊണ്ട് നിറയും. നീയും കാലിക്കൂട്ടവും മൃഗങ്ങളും അതു കുടിക്കും. കർത്താവിന് ഇത് നിസ്സാരമാണ്. അവിടുന്ന് മൊവാബ്യരെ നിന്റെ കയ്യിൽ ഏൽപിക്കുകയും ചെയ്യും. സുശക്തനഗരങ്ങളും മുന്തിയ പട്ടണങ്ങളും നിങ്ങൾ അധീനമാക്കും. ഫലവൃക്ഷങ്ങൾ നിങ്ങൾ വെട്ടിവീഴ്ത്തും; നീരൊഴുക്കുകൾ തടയും. നല്ല നിലങ്ങൾ കല്ലുകൊണ്ട് മൂടും.

പിറ്റേ ദിവസം പ്രഭാതബലിക്ക് സമയമായപ്പോൾ ഏദോം ദിക്കിൽനിന്ന് വെള്ളം വന്ന് അവിടം നിറഞ്ഞു" (2 രാജാ 3,16-20).

സിറിയാ രാജാവായ ബൻഹദാദുമായുള്ള യുദ്ധത്തിൽ രണ്ടു പ്രാവശ്യം ഏലീഷാ പ്രവാചകൻ അവനെ രക്ഷിച്ചു. ആദ്യാവസരത്തിൽ സിറിയൻ പട്ടാളത്തെ കുരുക്കിൽപ്പെടുത്തി അവരെ ഉപദേശിച്ച് സമാധാനം സ്ഥാപിച്ചു (2 രാജാ 6,22-23). ദൈവപുരുഷനായ ഏലീഷായുടെ സന്ദേശമനുസരിച്ചു ചെയ്ത ഇസ്രായേൽക്കാർ വിജയിച്ചതിനാൽ സിറിയാക്കാർ അസ്വസ്ഥരായി. പ്രവാചകന്റെ വാക്കിന് വിലകൊടുക്കുമ്പോൾ മൂല്യവത്തായ വിജയമാണ് ലഭിക്കുക. ഇന്ന് പ്രവാചകരുടെ എണ്ണം കുറയുന്നു; യഥാർത്ഥ പ്രവചനങ്ങൾ കുറയുന്നു; അതിന് വില കല്പിക്കുന്നവരുടെ എണ്ണവും കുറയുന്നു. ക്ഷുഭിതരായ സിറിയാക്കാർ പ്രവാചകന്റെ തലയെടുക്കാൻ രഥമൊരുക്കി പുറപ്പെടുന്നു! നല്ല വാക്ക് പറയുന്നവരുടെ തലയെടുക്കാൻ മടിക്കാത്ത ലോകമാണ് ഇന്നുള്ളതും.... പ്രവാചകനാകട്ടെ ദൈവനാമത്തിന്റെ ശക്തിയാൽ അവരുടെ കണ്ണുകൾ അന്ധമാക്കുകയും, സമരിയായുടെ മധ്യത്തിൽ അവരെ കൊണ്ടെത്തിക്കുകയും ചെയ്തു. ശത്രുക്കൾ തങ്ങളുടെ കൈപ്പിടിയിലെത്തിയിട്ടും പ്രവാചകനെ അനുസരിച്ച രാജാവ്, അവർക്ക് വലിയ വിരുന്നൊരുക്കുകയും ഭക്ഷിച്ചു തൃപ്തരായ അവരെ വിട്ടയ്ക്കുകയും ചെയ്തു.

രണ്ടാം പ്രാവശ്യമാകട്ടെ സിറിയാരാജാവായ ബൻഹദാദ് സൈന്യത്തെ ഒരുക്കി സമറിയാ വളയുകയും ഇസ്രായേൽ ജനം രൂക്ഷമായ ക്ഷാമത്താൽ വലയുകയും ചെയ്തു. യോറാം രാജാവ് കോട്ടമേൽ നടക്കുമ്പോൾ ഒരുവൾ വിളിച്ചു പറഞ്ഞു: "പ്രഭോ, രാജാവേ, സഹായിക്കണേ! അവൻ പറഞ്ഞു: കർത്താവ് സഹായിക്കുന്നില്ലെങ്കിൽ എനിക്കെങ്ങനെ കഴിയും? എന്റെ കയ്യിൽ ധാന്യമോ മുന്തിരിയോ ഉണ്ടോ? രാജാവ് ചോദിച്ചു: എന്താണ് നിന്റെ പ്രശ്നം? അവൾ ഉണർത്തിച്ചു: ഇവൾ എന്നോട് പറഞ്ഞു: നിന്റെ മകനെ കൊണ്ടുവരിക, ഇന്നു നമുക്കവനെ ഭക്ഷിക്കാം; നാളെ എന്റെ മകനെ ഭക്ഷിക്കാം. അങ്ങനെ ഞങ്ങൾ എന്റെ മകനെ വേവിച്ചു തിന്നു. അടുത്ത ദിവസം ഞാൻ അവളോടു നിന്റെ മകനെ കൊണ്ടുവരിക, നമുക്കവനെ തിന്നാം എന്നു പറഞ്ഞു. എന്നാൽ, അവൾ അവനെ ഒളിപ്പിച്ചുകളഞ്ഞു" (2 രാജാ 6,26-29). ഈ വാർത്തയറിഞ്ഞ യോറാം തന്റെ വസ്ത്രം കീറി. രോക്ഷാകുലനായ രാജാവ് ഏലീഷായുടെ നേരെയടുത്തു. ദുരിതം കർത്താവുതന്നെയാണ് അയച്ചതെങ്കിൽ എന്തിന് അവിടുത്തെ സഹായത്തിന് കാത്തിരിക്കണം! പ്രവാചകൻ യോറാം രാജാവിനോട് പറഞ്ഞു: "കർത്താവിന്റെ വചനം ശ്രവിക്കുവിൻ. അവിടുന്ന് അരുളിച്ചെയ്യുന്നു; നാളെ ഈ നേരത്തു സമരിയായുടെ കവാടത്തിൽ ഒരളവു നേരിയ മാവ് ഒരു ഷെക്കലിനും രണ്ടളവു ബാർലി ഒരു ഷെക്കലിനും വില്ക്കപ്പെടും. രാജാവ് പടനായകന്റെ തോളിൽ ചാരിനിൽക്കുകയായിരുന്നു. പടനായകൻ ദൈവപുരുഷനോട് പറഞ്ഞു. കർത്താവ് ആകാശത്തിന്റെ കിളിവാതിൽ തുറന്നാൽതന്നെ ഇതു നടക്കുമോ? ഏലീഷാ പ്രതിവചിച്ചു: നീ സ്വന്തം കണ്ണുകൾകൊണ്ട് അതു കാണും. എന്നാൽ അതിൽനിന്ന് ഭക്ഷിക്കുകയില്ല" (2 രാജാ 7,1-2).

പ്രവേശനകവാടത്തിലിരുന്ന നാലു കുഷ്ഠരോഗികൾ ക്ഷാമംമൂലം എന്തെങ്കിലും ലഭിക്കുമോ എന്നറിയാൻ സിറിയായുടെ പാളയത്തിലേക്ക് പോയി. സന്ധ്യയായപ്പോൾ അവർ കാണുന്നത് വിജനമായ പാളയവും ഉപേക്ഷിക്കപ്പെട്ട കുതിരകളെയും കഴുതകളെയുമാണ്. പാളയത്തിൽ കടന്ന അവർ ഭവനങ്ങളിൽ കയറി ഭക്ഷണം കഴിക്കുകയും വെള്ളിയും മറ്റ് വസ്തുക്കളും ഒളിപ്പിച്ചുവയ്ക്കുകയും ചെയ്തു. പിന്നീട് വന്ന് സമരിയായുടെ നഗരവാതിൽ കാവൽക്കാരെ വിവരമറിയിച്ചു. കാവൽക്കാർ മുഖേന കൊട്ടാരത്തിലും അറിവു ലഭിച്ചു. രാജാവാകട്ടെ, സിറിയാക്കാർ തങ്ങളെ ജീവനോടെ പിടിക്കാൻ ആസൂത്രണം നടത്തിയ പദ്ധതിയായിട്ടാണ് ഇതിനെ

കരുതിയത്. അതിനാൽ കുറച്ചുപേരെ മാത്രം സിറിയായുടെ പാളയത്തിലേക്ക് സ്ഥിതിഗതികൾ വീക്ഷിക്കാൻ പറഞ്ഞയയ്ക്കുന്നു. അവർ കുഷ്ഠരോഗികൾ കണ്ടതുപോലെതന്നെ പാളയം ദർശിക്കുകയും തിരികെവന്ന് വിവരമറിയിക്കുകയും ചെയ്തു. അനന്തരം ഇസ്രായേൽജനം സിറിയായുടെ പാളയത്തിൽ കടന്നു കൊള്ളയടിച്ചു. അങ്ങനെ പ്രവാചകൻ പറഞ്ഞതുപോലെ സംഭവിച്ചു. അത്ഭുതകരമായ ദൈവപരിപാലനയാൽ സമരിയാക്കാർ സംരക്ഷിക്കപ്പെടുന്നു. തങ്ങളെ വളഞ്ഞിരുന്ന സിറിയാക്കാരെ തുരത്തുവാൻ ദൈവമൊരുക്കിയ പദ്ധതി എന്തായിരുന്നെന്നോ "രഥങ്ങളും കുതിരകളുമടങ്ങിയ ഒരു വലിയ സൈന്യത്തിന്റെ ശബ്ദം കർത്താവ് സിറിയൻ സൈന്യത്തെ കേൾപ്പിച്ചു" (2 രാജാ 7,6). അതായത് അവർക്ക് ശബ്ദവിഭ്രാന്തി (auditory hallucination) ഉണ്ടാക്കിക്കൊടുത്തു. ശേഷിയും ശക്തിയും ശബ്ദവും ഇല്ലാത്ത ജനത്തെ സംരക്ഷിക്കാൻ ദൈവം ഒരുക്കുന്ന സംരക്ഷണകോട്ടയാണത്. തന്റെ പ്രിയപ്പെട്ടവർക്കായി ദൈവം ഒരുക്കുന്ന വിഭവങ്ങൾ എത്ര സുന്ദരം! ഇന്നും അവിടുത്തെ കരം തുറന്നുതന്നെ ഉണ്ട്. നമ്മുടെ ഓരോരുത്തരുടെയും പക്കലേക്ക്! കണ്ണുതുറന്നു കാണാം, ചെവിചായ്ച്ച് കേൾക്കാം.

തുടർന്ന് സിറിയാരാജാവായ ഹസായേലിനെതിരെ റാമോത്-ഗിലയാദിൽ വച്ചുണ്ടായ യുദ്ധത്തിൽ യോറാമിന് മുറിവേൽക്കപ്പെട്ടു. മുറിവുണക്കാനായി അവൻ ഇസ്രായേലിലേക്ക് പോയി. രാജാവിന്റെ അസാന്നിധ്യത്തിൽ പട്ടാളവിപ്ലവം ഉണ്ടായി. ഈ അവസരത്തിൽ ഏലീഷാ പ്രവാചകൻ ഇസ്രായേലിന്റെ രാജാവായി യേഹുവിനെ തൈലാഭിഷേകം ചെയ്തു. യോറാം ജസ്രേലിലുണ്ടെന്ന് അറിവു ലഭിച്ച യേഹു അയാളെ അന്വേഷിച്ച് പുറപ്പെട്ടു. യേഹുവും കൂട്ടരും തന്റെ പക്കലേക്ക് വരുന്നതറിഞ്ഞ യോറാം, സമാധാനത്തിന്റെ വരവാണോ എന്നന്വേഷിക്കാൻ ദൂതരെ അവന്റെയടുത്തേയ്ക്ക് അയച്ചു. എന്നാൽ പോയ ദൂതന്മാർ രണ്ടുപേരും പോയതല്ലാതെ മടങ്ങിവന്നില്ല; അവർ യേഹുവിനോടൊപ്പം ചേർന്നു. യേഹുവിന്റെ രഥത്തിന്റെ ഉഗ്രത അറിവുള്ള യോറാം യൂദാരാജാവുമൊത്ത് അവനെതിരെ പുറപ്പെട്ടു. ജസ്രേൽക്കാരനായ നാബോത്തിന്റെ സ്ഥലത്തുവച്ച് അവർ അവനെ കണ്ടുമുട്ടി. "നീ സമാധാനത്തിലാണോ വന്നിരിക്കുന്നത്?" (2 രാജാ 9,22-23) എന്ന യോറാമിന്റെ ചോദ്യത്തിന് അവന്റെ മറുപടി ഇതായിരുന്നു: "നിന്റെ അമ്മ ജെസെബെലിന്റെ വിഗ്രഹാരാധനയും ആഭിചാരവും ഇത്രയധികമായിരിക്കെ എങ്ങനെ സമാധാനമുണ്ടാകും?". ഇതുകേട്ട യോറാം തന്റെ കുതിരയെ തിരിച്ച് പലായനം ചെയ്തു. യേഹു യോറാമിനെതിരെ സർവ്വശക്തിയോടുംകൂടെ വില്ലുവലിച്ച് എയ്തു. അസ്ത്രം അവന്റെ തോളുകളുടെ മദ്ധ്യേ തുളച്ചു കയറി, ഹൃദയം ഭേദിച്ചു. അവൻ തേരിൽ വീണു. തന്റെ അംഗരക്ഷകൻ ബിദ്കാറിനോട് യേഹു പറഞ്ഞു: "അവനെ എടുത്തുകൊണ്ടുപോയി ജസ്രേൽക്കാരനായ നാബോത്തിന്റെ ഭൂമിയിൽ എറിയുക" (2 രാജാ 9,25). യോറാമിന്റെ പാപങ്ങൾ അവന്റെ കിരീടത്തെയും ജീവിതത്തെയും തെറിപ്പിച്ചു. ഓമ്രിയുടെ വംശപരമ്പരയിലെ അവസാനത്തെ രാജാവായിരുന്നു യോറാം".

**പഠിക്കാം യോറാമിൽനിന്ന്**

* വിശ്വാസത്തിന് പ്രവൃത്തി കൂടിയേ തീരൂ.
* ദൈവികപദ്ധതികൾ സംശയദൃഷ്ടിയോടെ കാണരുത്.
* പാപവുമായി സഖ്യം ഉണ്ടാകരുത്.
* ദൈവപരിപാലനയിൽ ആശ്രയിച്ചാൽ വിജയം ഉറപ്പ്.
* ലക്ഷ്യത്തിലെത്താൻ വളഞ്ഞവഴികൾ തേടരുത്; നന്മയുടെ വഴി ഋജുവാണ്.




# നിത്യതയിലേക്കുള്ള വാതിൽ

**ഷിനി മുതുപ്ലാക്കൽ**

മനുഷ്യർ സാധാരണഗതിയിൽ ഭയപ്പെടുന്നതും എന്നാൽ നിശ്ചയമായും അവൻ നേരിടേണ്ടതുമായ ഒരു യാഥാർത്ഥ്യമാണല്ലോ മരണം. ജനിക്കുമ്പോൾത്തന്നെ ഒരുവൻ മരിച്ചുതുടങ്ങുകയാണ് എന്നുപറയുന്നതിൽ അതിശയോക്തിയൊട്ടുമില്ല. ഈ ലോകത്തെയും ലോകത്തിലുള്ളവരെയും ലോകത്തിലുള്ളവയെയും നമുക്ക് അന്യമാക്കുന്ന മരണത്തെ നിഷേധാത്മകമായി വീക്ഷിക്കാനാണ് നാമെല്ലാം ഇഷ്ടപ്പെടുന്നത്. ബന്ധങ്ങളുടെ കെട്ടുകൾ പൊട്ടിച്ചെറിഞ്ഞ്, ഇല്ലായ്മകളുടെ ഇരുളുനിറഞ്ഞ ആഴങ്ങളിലേക്ക് ഏകരായി നമ്മെ ഉപേക്ഷിക്കുന്ന ഒരു ക്രൂരകഥാപാത്രമായി മരണത്തെ കരുതിയാൽ ഒരിക്കലും ആ അവസ്ഥയെ ശാന്തമായി സ്വീകരിക്കാൻ നമുക്കു കഴിയില്ല. എന്നാൽ നിത്യതയുടെ വെള്ളിവെളിച്ചത്തിലേക്ക്, ദൈവത്തെ നേരിട്ടു ദർശിക്കുവാൻ കഴിയുന്ന അവസ്ഥയിലേക്ക്, ഒരിക്കലും അവസാനിക്കാത്ത ബന്ധങ്ങളുടെ സ്വർഗ്ഗീയഗേഹത്തിലേക്ക് തുറക്കുന്ന ഒരു വാതിലായി, അനശ്വരയിലേക്കുള്ള പുതുജന്മമായി മരണത്തെ ശാന്തമായി സമീപിക്കാൻ കഴിഞ്ഞാൽ അത് വിശ്വാസജീവിതത്തിന്റെ പ്രതിഫലനമാകും. ആഴമേറിയ വിശ്വാസമുണ്ടെങ്കിൽ മാത്രമേ ഇതു സാധ്യമാകൂ.

മിശിഹായുടെ രണ്ടാം ആഗമനവും അന്ത്യവിധിയും സ്ലീവായുടെ ശക്തിയും വിജയവുമെല്ലാമാണ് ഏലിയാ-സ്ലീവാ-മൂശെക്കാലങ്ങളിൽ നാം ധ്യാനവിഷയമാക്കുന്നത്. മിശിഹായുടെ രണ്ടാം ആഗമനം ഒരു വ്യക്തിയിൽ സംഭവിക്കുന്നതും തനതുവിധിക്ക് അവൻ വിധേയനാകുന്നതും അവന്റെ മരണത്തിലാണ്. താൻ നിശ്ചയമായും നേരിടേണ്ട ഈ യാഥാർത്ഥ്യത്തെ പ്രതീക്ഷയോടെ, വിശ്വാസത്തോടെ സ്വീകരിക്കുവാൻ വിജയംവരിച്ച സ്ലീവായുടെ - മഹത്ത്വത്തിൽ പ്രവേശിച്ച മിശിഹായുടെ - ശക്തിയെക്കുറിച്ചുള്ള ധ്യാനം അവനുപകരിക്കും. മിശിഹാരഹസ്യങ്ങൾ നമ്മുടെ ജീവിതത്തിന്റെ ശക്തിസ്രോതസ്സാക്കിമാറ്റി ജീവിതത്തിൽ അന്തിമമായ വിജയം നേടാൻ നമുക്കു പരിശ്രമിക്കാം; പ്രാർത്ഥിക്കാം:

> ***"ദിവ്യരക്ഷകാ, എന്ന് ഏതു മണിക്കൂറിൽ ഏതവസ്ഥയിൽ ഞാൻ മരിക്കുമെന്ന് എനിക്കറിഞ്ഞുകൂടാത്തതിനാൽ അങ്ങയുടെ പീഡാനുഭവത്തിന്റെ യോഗ്യതകളാൽ മരണത്തിന് എന്നെ ഒരുക്കണമേ. ജോലികളിൽ ഉത്സാഹവും അങ്ങയുടെ കൃപാവരത്തോടു വിശ്വസ്തയും പ്രാർത്ഥനകളിൽ ശ്രദ്ധയും കൂദാശാസ്വീകരണത്തിൽ കൃത്യനിഷ്ഠയും സുകൃതാഭ്യാസത്തിൽ സ്ഥിരതയും എന്റെ അന്തസ്സിനടുത്ത പുണ്യങ്ങൾ അഭ്യസിക്കുന്നതിൽ തീക്ഷ്ണതയും എനിക്കു തരണമേ. ആമ്മേൻ".***

**(ക്രിസ്താനുകരണം)**



# പദങ്ങൾ

**സാബി കോഴിക്കോട്**

“രണ്ട് തന്തക്കു പിറന്ന സ്വഭാവം കാണിക്കരുത് കേട്ടോ”. ചങ്കോട് ചേർത്തു വച്ചിരുന്ന ഒരു സുഹൃത്തിന്റെ വായിൽ നിന്നും തെറ്റുധാരണയുടെ പേരിൽ അപ്രകാരം ഒരു പദപ്രയോഗം വന്നപ്പോൾ അഖിലിന്റെ ഉള്ളൊന്ന് പിടഞ്ഞു. അത് തമ്പുരാന്റെ മുൻപിൽ കണ്ണുനീരുകളായി സമർപ്പിച്ചപ്പോൾ ഉള്ളിലൊരു വെളിപാട് മിന്നിതെളിഞ്ഞു.

സത്യത്തിൽ ഞാൻ പിറന്നത് രണ്ടപ്പനിൽ നിന്നല്ലേ...? സ്വർഗസ്ഥനായ എന്റെ സൃഷ്ടികർത്താവിന്റെ ഹൃദയത്തിലാണല്ലോ ഞാൻ ആദ്യം പിറന്നത്. പിന്നീട് ശാരീരികമായി ഭൂമിയിൽ ഒരപ്പനും. ഒറ്റ വാക്കിലൂടെ എത്ര വലിയ സത്യമാണ് അവനെന്നെ പഠിപ്പിച്ചത്.? നന്ദി.... ഒരുപാട് ഒരുപാട്.. അവനും...സാഹചര്യം ഒരുക്കിയ നല്ല ദൈവത്തിനും.

പദങ്ങൾക്ക് ഒരു പ്രത്യേകതയുണ്ട്. നാം കൊടുക്കുന്ന അർത്ഥങ്ങൾക്കും സാഹചര്യങ്ങൾക്കും അനുസരിച്ചാണ് അത് വിലയുറ്റതാവുക. നാം ഉപയോഗിക്കുന്ന പദങ്ങൾ അപരന് പാത തെളിക്കാൻ ഉപയുക്തമല്ലെങ്കിൽ പിന്നെ ഈ പദങ്ങൾ കൊണ്ടോ നമ്മുടെ ജീവിതം കൊണ്ടോ എന്തു പ്രയോജനം...?

ഓരോ വാക്കും വായിൽ നിന്ന് പുറപ്പെടുന്നതിന് മുൻപ് മൂന്നാവർത്തി ചിന്തിക്കണമെന്ന് പഴമക്കാർ പറയുന്നത് എത്രയോ വാസ്തവം..!

തിരുവചനം നമ്മെ ഓർമിപ്പിക്കുന്നു പുറമേനിന്ന് ഉള്ളിലേക്ക് കടന്ന് ഒരുവനെ അശുദ്ധനാക്കുവാൻ ഒന്നിനും കഴിയുകയില്ല. എന്നാൽ ഉള്ളിൽനിന്നും പുറപ്പെടുന്നവയാണ് ഒരുവനെ അശുദ്ധനാക്കുന്നത് . വചനം മാംസമായി നമ്മുടെ ഇടയിൽ വസിച്ച ഈശോമിശിഹാ തന്റെ വാക്കുകളിലൂടെ മൃതരായവരെ പുനരുജ്ജീവിപ്പിച്ചു. നിരാശയിലാണ്ടവന് പ്രതീക്ഷയുടെ പുതുപുലരി സമ്മാനിച്ചു. പാപം ഇല്ലെന്നു കരുതിയവന് പാപത്തിന്റെ തിരിച്ചറിവ് നൽകി. പാപി എന്ന് സമൂഹത്താൽ മുദ്ര കുത്തപ്പെട്ടവനു വിമോചനത്തിന്റെ സുവിശേഷമേകി, വ്രണിത ഹൃദയർക്ക് സൗഖ്യത്തിന്റെ കരസ്പർശമേകി.

പദങ്ങൾക്ക് ഒരേസമയം ഒരുവനെ കൊല്ലുവാനും ജീവനേകുവാനുമുള്ള മാസ്മരിക ശക്തിയുണ്ട്. ചില അധ്യാപകരും മറ്റും നമ്മെ പരിഹസിക്കാൻ ഉപയോഗിച്ച ചില ചെല്ലപ്പേരുകൾ ഇന്നും നമ്മുടെ ആത്മാവിൽ മുറിപ്പാടുകൾ അവശേഷിപ്പിച്ചിട്ടുണ്ട് എന്ന് പറയുന്നതിൽ തെറ്റുണ്ടോ..? എങ്കിൽ എന്റെ നാവുകൊണ്ട് അപരനൊരു തിന്മ വരുത്തില്ലെന്ന പ്രതിജ്ഞ എടുക്കാനായാൽ ഈ പ്രപഞ്ചത്തിന് ഒരു സംഭാവന കൊടുത്തു എന്നെങ്കിലും ആശ്വസിക്കാമല്ലോ!

വാക്കുകൾ നമുക്കും അപരനും സൗഖ്യം നൽകാനുതകുന്ന ഔഷധമാണ്. എങ്കിൽ അത് ഉപയോഗിക്കുന്നതിൽ പിശുക്കു കാട്ടേണ്ട കാര്യമില്ല. വാക്കുകൾ പരസ്പരം കൈമാറാനുള്ളതാണ്. എത്ര മാതാപിതാക്കളാണ് മക്കളുടെ ഒരു വാക്കിനായി കാതോർത്തിരിക്കുന്നത്, ഒപ്പം ഒന്നു കേൾക്കപ്പെടാനും... പോസിറ്റീവ് എനർജിയുടെ ഒരു വലയം നമ്മുടെ പരിസരങ്ങൾക്ക് സമ്മാനിക്കാൻ വാക്കോളം നല്ല ഒരു മന്ത്രം ഈ ഉലകത്തിൽ നല്കപ്പെട്ടിട്ടില്ല.

"ജ്ഞാനിയുടെ വാക്ക് ഇടയന്റെ വടി പോലെയാണ് അതൊരുവനെ അപകടം കൂടാതെ ലക്ഷ്യത്തിൽ എത്തിക്കുക തന്നെ ചെയ്യും" (സഭാപ്രസംഗകൻ 12,1).

"കാലിടറിയവരെ നിന്റെ വാക്കുകൾ താങ്ങി നിർത്തി, ദുർബല പാദങ്ങൾക്ക് നീ കരുത്തു പകർന്നു" (ജോബ് 4:4) എന്ന് ജോബിനെപ്പോലെ നമ്മെയും നോക്കി മറ്റുള്ളവർ പറയാനിട വരട്ടെ.



***''വാക്കുകൾ ഏറുമ്പോൾ തെറ്റു വർധിക്കുന്നു; വാക്കുകളെ നിയന്ത്രിക്കുന്നവന് വീണ്ടുവിചാരമുണ്ട്. നീതിമാന്മാരുടെ നാവ് വിശിഷ്ടമായ വെള്ളിയാണ്; ദുഷ്ടരുടെ മനസ്സു വിലകെട്ടതും. നീതിമാന്റെ വാക്ക് അനേകരെ പോഷിപ്പിക്കുന്നു; മൂഢൻ ബുദ്ധിശൂന്യതമൂലം മൃതിയടയുന്നു''.***

**(സുഭാ 10,19-21)**

# അമ്മയ്ക്കൊപ്പം അനുഗ്രഹവഴിയെ



**ലിൻസി തുണ്ടിയിൽ**
**അപ്പസ്തോലിക് ഒബ്ലേറ്റ്സ്**

**ഒന്നാം ദിവ്യരഹസ്യം**: ഈശോയുടെ കുരിശിൻ ചുവട്ടിൽ നിന്നുകൊണ്ട് വിജയത്തിന്റെ പാത കാണിച്ചുതന്ന പരിശുദ്ധ അമ്മേ, കുരിശുകളും സഹനങ്ങളും അനുദിനജീവിതത്തില നുഭവപ്പെടുമ്പോൾ കുരിശിൽ വിജയം നേടിത്തന്ന നാഥനിലേക്ക് ഞങ്ങളുടെ ജീവിതങ്ങളെ ഉയർത്താൻവേണ്ട കൃപയ്ക്കായി പ്രാർത്ഥിക്കണമേ.

*1 സ്വർഗ, 10 നന്മ, 1 ത്രിത്വ.*

**രണ്ടാം ദിവ്യരഹസ്യം**: സ്വർഗീയരാജ്ഞിയായി ഉയർത്തപ്പെട്ട പരിശുദ്ധ അമ്മേ, പാപംമൂലം സ്വർഗരാജ്യത്തിന്റെ നിത്യസൗഭാഗ്യത്തിൽ നിന്ന് അകന്നുപോയ ഞങ്ങളെ നിന്നിലേക്ക് കണ്ണുകൾ ഉയർത്തുവാനും സ്വർഗീയസൗഭാഗ്യം അനുഭവിക്കാനും വേണ്ട കൃപയ്ക്കായി പ്രാർത്ഥിക്കണമേ.

*1 സ്വർഗ, 10 നന്മ, 1 ത്രിത്വ.*

**മൂന്നാം ദിവ്യരഹസ്യം**: കുരിശുകളെ പ്രകാശമാക്കിയ പരിശുദ്ധ അമ്മേ, ഈ ലോകജീവിതം ക്ഷണികമാണെന്നും ഭൂമിയിലെ സമ്പാദ്യങ്ങൾ നശ്വരമാണെന്നുമുള്ള അറിവ് ഗ്രഹിച്ചുകൊണ്ട് നിന്റെ പ്രമാണങ്ങളുടെ മാർഗത്തിലൂടെ ചരിക്കുവാനും അനുതാപചിത്തരായി വ്യാപരിക്കാനും വേണ്ട കൃപയ്ക്കായി പ്രാർത്ഥിക്കണമേ.


*1 സ്വർഗ, 10 നന്മ, 1 ത്രിത്വ.*

**നാലാം ദിവ്യരഹസ്യം**: മിശിഹായെ അനുഗമിക്കാൻ ആഹ്വാനം ചെയ്യുന്ന പരിശുദ്ധ അമ്മേ, മഹത്ത്വപൂർണമായ കുരിശിലൂടെ, ഇടുങ്ങിയ പാതയിലൂടെ ചരിച്ചുകൊണ്ട് സ്വർഗീയ ഓർശ്ലേമിലേക്ക് ഞങ്ങളെ നയിക്കുന്ന മിശിഹായിലുള്ള വിശ്വാസവും സ്നേഹവും ഞങ്ങളിൽ ആഴപ്പെടുത്തുവാൻ വേണ്ട കൃപയ്ക്കായി പ്രാർത്ഥിക്കണമേ.

*1 സ്വർഗ, 10 നന്മ, 1 ത്രിത്വ.*

**അഞ്ചാം ദിവ്യരഹസ്യം**: ദൈവഹിതത്തിന് പൂർണമായി വിധേയപ്പെട്ട അമ്മേ, കുരിശിൽ പ്രത്യാശയർപ്പിച്ചുകൊണ്ട്, ദൈവഹിതം അനുസരിച്ച്, അടിമത്തത്തിനും മരണത്തിനും വിധേയരാകാതെ, ഹൃദയവിശുദ്ധിയോടെ ജീവിക്കാൻ വേണ്ട കൃപയ്ക്കായി പ്രാർത്ഥിക്കണമേ.

*1 സ്വർഗ, 10 നന്മ, 1 ത്രിത്വ.*



# തിരുഹിതവഴികളിലൂടെ നവതിയിൽ

വിശുദ്ധമായ ജീവിതം സന്ദേശമാക്കി
ജന്മദിനത്തിന്റെ നവതി പൂർത്തിയാക്കുന്ന
സ്നേഹബഹു. മല്പാൻ മാത്യു വെള്ളാനിക്കലച്ചന്
ജന്മദിനത്തിന്റെയും (സെപ്റ്റംബർ 25)
നാമഹേതുകതിരുനാളിന്റെയും (സെപ്റ്റംബർ 21)
പ്രാർത്ഥനാശംസകൾ...

അപ്പസ്തോലിക് സൊദാലെസ്
അപ്പസ്തോലിക് ഒബ്ലേറ്റ്സ്
സോഷ്യൽ ആനിമേറ്റേഴ്സ്

**PRATHEEKSHAYUDE POOMOTTUKAL** (Malayalam Monthly)
**RNI: KERMAL/2014/59983**
**Published on 24th August 2024**

കർത്താവീശോ മിശിഹായേ
പാവനമാം നിൻ സ്ലീവായിൽ
ഞങ്ങൾ ലജ്ജിതരല്ലൊട്ടും
മഹനീയം നിൻ ശക്തി സദാ
ഒളിവായ്മേവും സ്ലീവായിൽ
അഭിമാനിക്കുന്നനവരതം
ജീവൻ ഞങ്ങൾക്കേകീടും
മിശിഹായേ, നീ സ്ലീവായാൽ
ശ്രേഷ്ഠതയേറും സഹനത്താൽ
മരണത്തിന്മേൽ ജയമാർന്നു;
നീയാണുന്നതമുത്ഥാനം
മൃതരിൽനിന്നുള്ളാദ്യഫലം
(മാർ സ്ലീവായുടെ പുകഴ്ച, റംശാ)

Printed, Published & Owned by Shiny Andrews Muthuplackal, Spirituality Centre, Manganam P.O.,
Kottayam - 686 018; Printed at WiGi Printers, Manganam P.O.,
Kottayam - 686 018, Ph: 9447420082, Email: wigipress@gmail.com; Published
at Spirituality Centre, Manganam P.O., Kottayam - 686 018, Mob: 9497588192, Email: psmktm@gmail.com
Editor: Fr. Mathew Vellanickal